Music is a vital part of mental science and yet it has received scant attention at the hands of the psychologist. It is common experience that a good piece of music deeply influences the minds of a large number of listeners. Whether such influence is in one particular way or many ways, what impressions last long and how these affect the listeners are matters for the psychologist to investigate and decide. But what we are sure of is that the hearers are, generally speaking in joyful or peaceful mood. It will be a great contribution to human progress and culture if the study of the psychology of music is actively pursued and accurate results arrived at. The knowledge that music certainly affects the thoughts and emotions of the hearers is enough basis to pursue the study for a great end.

## MUSIC AND BHAKTHI.

Music has always had a mystical significance in the east and the west. The universe according to Indian tradition sprang up from the 'OMKARA' --a view supported by the Christian dictum: "In the beginning was the WORD and the WORD was GOD." Narada and Hanuman attained devotional perfection of the highest spiritual value through music. Sri Krishna's flute, Saraswathi's Veena and Siva's dance are significant representations of the divine aspect of the art. Tulasidas, Thiagaraja, Purandaradas, Kabir, Meera and a host of others had God-realization through music. The Lord asserts in the Gita that He dwells not in Vaikunta but "in the hearts of devotees who *sing* my glories." This spiritual utility of music is recognized by many in India, and specially in the South where the art and science of music have been highly developed.

## MUSIC IN EDUCATION.

Instruction in music will shape the feelings and emotions of the pupil and prepare him better to unfold all his latent faculties to great advantage. It is not that every child can be made a good musician. Certain other factors are required for such development. However, while the specially gifted

can be provided opportunities for musical expression, others can derive great benefit by appreciative, passive listening to good music. Thus the study and practice of the art of music deserve greater attention on the part of all educators.

## GREAT SYNTHESISER.

Music is not merely an aesthetic enjoyment, a redeemer of sorrow or bestower of joy. It is a *synthesising force* and is the very centre of every other art. It transcends all barriers of caste, colour and religion. Indeed *I see in music the most effective synthetic force to save the world from the prevailing discords, hate, fear and suspicion.* In music, with its solemn ennobling influence on human emotions, lies the solution for the knotty problems of modern life.

## CONCLUSION.

Such a great art of all round utility deserves the keen attention of all educators, all lovers of peace. Music is latent in every individual in a greater or lesser degree. In the words of a great devotee of the art—"Music is so vitally connected with our inmost self that if there truly be no response, there must be something fundamentally wrong with the soul."

"The Man that hath no music in himself
Nor is not moved by concord of sweet sounds
Is fit for treasons, stratagems and spoils........." (Shakespeare)

## MUSIC TONIC.

"A group of doctors at Michigan University claim to have analysed the healing properties of Music. The harp, for example, is recommended as the best instrument to reduce hysteria. A trumpet solo has been found to ease a persecution mania. The violin is said to banish headaches, or even reduce a tumour on the brain.

"The doctors recommend Handel for a weak heart and Mozart for rheumatism. Schubert's music has been found a remarkable help in cases of sleeplessness."

By education I mean an all-round drawing out of the best in child and man--body and spirit. Literacy is not the end of education nor even the beginning. It is only one of the means whereby men and women can be educated. Literacy in itself is no education. I would therefore begin the child's education by teaching it a useful handicraft and enabling it to produce from the moment it begins its training.

--MAHATMA GANDHI.

# PLEDGE TO CHILDREN

(The following pledge was made to children by the members of the Midcentury White House Conference on Children and Youth. Our children hold within them our most cherished hopes. They are our greatest wealth and our most challenging responsibility. Let us cherish them above all politics and beyond all petty things. Our country will march forward with the forward march of our children. Let us give them of our very best. Let each Indian Teacher make the following pledge to our Indian Children and Youth sincerely, solemnly and affectionately.--EDITOR.)

From your earliest infancy we give you our *love* so that you may grow with trust in yourself and in others.

We will recognize your worth as a *person* and we will help you to strengthen your sense of belonging.

We will respect your right to be yourself and at the same time help you to understand the rights of others, so that you may experience *cooperative living*

We will help you to develop initiative and imagination, so that you may have the opportunity freely to *create.*

We will encourage your curiosity and your pride in workmanship, so that you may have the satisfaction that comes from *achievement.*

We will provide the conditions for wholesome *play* that will add to your learning, to your social experience and to your happiness.

We will illustrate by precept and example the value of integrity and the importance of *moral courage.*

We will encourage you always to seek the *truth.*

We will provide you with all opportunities possible to develop your own *faith* in God.

We will open the way for you to enjoy the *arts* and to use them for deepening your understanding of life.

We will rid ourselves of prejudice and discrimination, so that together we may achieve a truly *democratic society.*

We will work to lift the standard of living and to improve our *economic practices,* so that you may have the material basis for a full life.

We will provide you with rewarding *educational opportunities,* so that you may develop your talents and contribute to a better world.

We will protect you against exploitation and undue hazards and help you *grow in health* and strength.

We will work to conserve and

improve *family life* and, as needed, to provide foster care according to your inherent rights.

We will intensify our search for new *knowledge* in order to guide you more effectively as you develop your potentialities.

As you grow from child to youth to adult, establishing a family life of your own and accepting larger social responsibilities, we will work with you to *improve conditions* for all children and youth.

## NO MISFIT CHILDREN

There are no misfit children. There are misfit schools, misfit texts and studies, misfit dogmas and traditions of pedants and pedantry. There are misfit homes, misfit occupations and diversions. In fact there are all kinds and conditions of misfit clothing for children but--in the nature of things there can be no misfit children.

--FREDERICK BURK.

## SOCIAL OUTLOOK

No educationist can ignore the vital question of what education should aim at in the *social* and *economic* sphere. All education must have a definite social outlook and it must train our youth for the kind of society we wish to have.

--JAWAHARLAL NEHRU.

## INITIATIVE

" And what is Initiative ? I will tell you it is doing the right thing without being told. But next to doing the right thing without being told is to do it when you are told once..............

There are those who never do a thing until they are told twice. Such get no honours and small pay.

Next there are those who do the right thing only when necessity kicks them from behind and these get indifference instead of honours and a pittance for pay.

Then still lower down the scale than this, we have the fellow who will not do the right thing even when some one goes along and shows him how and stays to see that he does it. He is always out of job and receives the contempt he deserves."

# MORAL INSTRUCTION—
# DIRECTLY OR INCIDENTALLY?

## Should Moral Instruction be given directly in regular time-table periods or incidentally as part of instruction in other subjects?

[There are different shades of opinion expressed on the question of Moral Instruction. Some say that the school must make provision for steady, regular reflection upon morals or "the things of highest excellence." There are others who altogether sneer at teaching morals. The latter assert that morals cannot be taught, that commands repel and prohibitions arouse defiance. *The E uc tionist* is happy to present the following diverse views on this subject. These views represent the thinking of some of our teacher trainees this year.

EDITOR.]

1. Sri V. BALAKRISHNAN NAIR, B.A.

Special periods should be utilized to instruct the pupil about the moral qualities of mankind – like honesty, courage, sacrifice, and love, which have withstood the test of ages and which made man a cultured man. However, we must give instruction in the course of other lessons too.

2. KUMARI LAKSHMI PASUPATHY, B. A.

I think that moral qualities cannot be developed by mere "instruction" during special classes; preaching alone won't suffice here. Development of moral traits is a matter of actual training in actual situations. A separate period of moral instruction may become unpalatable and turn out to be a period for talking, playing or writing interesting letters!

3. Sri K. BHUJANGA RAO B. A.,

A regular, separate and fixed period set apart for moral instruction is a sheer waste of the time and energy of both the teacher and the pupils. As one who had to handle such a class, I can say that pupils were taking the class as if it was meant for story-telling and offering common-place advice by the teacher. Incidental instruction on the other hand, has its own advantages and redeeming effects.

4. SISTER ATTRACTA B. A.,

The moral instruction period is very much boring for the children as well as the teacher. The teacher has to talk about moral virtues like truth generosity and kindness. When the teacher comes next time he will ask about these virtues. So the children think that during the week they have to practise them. There is an instance of a boy who said, "This week I am true, generous and kind. Last week I was sympathetic. Next week I will be humble and gentle." It is not necessary to have a separate period for moral instruction. There should be incidental instruction, but

example and training are more important.

5. SISTER FELICITA B. A.,

No amount of mere talking on morals, however vehement will be of any value. No particular period is necessary for this. If the teacher is teaching the lesson on Rama and Sita, he can give a few words on how Sita attained glory for womanhood through her chastity and fidelity.

6. Sri K. ACHUTHA VARIAR, B. A,

To make pupils swallow morals in a lump is neither conducive nor pleasant from a psychological point of view. The preceptor should himself set an example and make use of all available occasions to teach morals in such a way that students imbibe them as pills coated in sugar. Any subject, from crafts to metaphysics, is sufficient field for a teacher to teach a moral truth.

7. Sri K. N. AHAMED, B. A.

Since the world is in the grip of materialism, where spiritualism has no meaning, save that it is a stumbling block to economic and material progress, moral instruction as an effective means of raising the standard of morality becomes an imperative need of the present century. It goes without saying therefore that moral instruction should find its way to the curricular or extra-curricular activities of the school.

8. Smt. ALEY MATHEW, B. A.

It is absolutely necessary to set apart definite periods in the time table for moral instruction. Parents do take into account the type of moral instruction given in schools before they send their children to school.

9. Sri K. V. DEVIDAS, B. A.

The subtle, incidental, indirect method is the really effective way of teaching morals. No one was ever made moral by direct harangue except in stories.

10. Kumari M. JANE HENRY, B. A.

Moral instruction can be made such that, like bees to a flower, children flock to the class to hear and see what the teacher has to say and illustrate. Such stories and articles as written by the famous author, Arthur Mee, can be of great help. In schools where projectors are available the particular teacher, who is interested in taking the moral education class, can show films which portray lives of great and good men.

11. Sri M. P. KRISHNA MENON, B.A.

I remember the time, when on one of the working days, we had moral lesson during the last period. But for the strong, flexible cane on the teacher's table, the poor, young fellows would have howled or gone to sleep. If the teacher had given instruction incidentally in relation to other subjects, the purpose would have been served.

12. KUMARI K. T. NARAYANIKUTTY, B. A.

It is not necessary that moral instruction should be given in separate timetable periods, because, if everyday a fixed period is set apart, it may perhaps detract the interest of the students. The pupils get bored and dull. It is always better to impart moral instruction incidentally as a part of instruction in other subjects. By doing this the student's interest will not be killed altogether but he will have a desire to get some instruction here and there

13. Kumari V. PADMAVATHY, B. A.

Giving moral instruction in classes particularly set apart for the purpose is just like imposing a direct tax, while imparting it incidentally along with all the subjects taught in the class is like imposing an indirect tax. In the former the students feel the burden, while in the latter they are not quite conscious of the burden at all.

14. Kumari N. SUBHADRA, B A.

I am not at all for having a separate period for moral instruction. In our school, the last period of Wednesday was set apart for moral instruction and I very conveniently, with the permission of the Head Master, used to leave the class and go home. I welcomed Wednesdays because those days I was able to catch the 4-30 bus and reach home in time for tea. The teacher, even if he takes the class, will not be in a mood to take the class. Then again the discourse may fall on deaf ears.

15. Sri T. VASUDEVAN NAMBIAR, B. A. (Hons.)

I feel that there should certainly be a separate period for moral instruction. One period a week should necessarily be set apart for this subject. If you contend that moral instruction can be given incidentally, Citizenship (barring the practical side of it) also can be taught incidentally. Can't it be?

16. KUMARI K. R. VENKADAMBAL, B. A.

Whether there is a separate moral instruction period or not, it is necessary to give moral instruction incidentally whenever an occasion arises. A separate period for this purpose is necessary.

17. Sri N. K. LAZAR, B. Sc.

Moral instruction given to children incidentally is not enough. It should be supplemented by regular periods in the time table. One period in a fortnight is enough for moral instruction.

18. Sri K. B. SUBRAMANIAN, B. A.

In my opinion mere lecturing about moral qualities will not do good. Pupils should be given opportunities to participate in moral deeds. As Aristotle put it, a man becomes a builder only by building and becomes a writer only by writing for a long time.

19. Sri V. R. CHANDRASEKHARAN, B. A.

Moral instruction, however much important, should not be attempted in regular time table periods. You cannot treat moral instruction just the same way as other subjects like Science, History or Geography. The former is a subject which affects personality as a whole. Moral instruction will be willingly absorbed if it is given incidentally in all subjects.

20. Sri P. P. KRISHNAN, B. A.

Moral instruction given to pupils during a special period has no weight at all. You may speak most eloquently in favour of veracity and tell stories of Harichandra and others. But the pupil finds that the teacher himself does not practice the quality, other teachers do not stick to it, people at home are no better and his friends are worse. This instruction will do no good in his case. In every lesson morals should be stressed in appropriate places.

21. Sri. A. K. GUPTAN, B. A.

As the teacher has to cover a fixed syllabus in each subject, he cannot devote much time to deviate from the

topic and give the moral values of each and every topic of study. So some separate time should be devoted for the purpose and a detailed programme of instruction framed suitable to the different age groups in the school.

22. Sri C. RAJAGOPALA AYYAR, B. A.

We all strive for happiness. Can we derive happiness by studying about it or realise our own life's purpose by listening to platform talks? It is not possible. In a similar sense moral qualities have to be practised by the pupils through sympathy, suggestion and imitation.

23. Sri K. T. SUKUMARAN, B. Com.

Morality can never be taught effectively, either directly or incidentally.

24. Sri P. C. K. RAJAH, B. A.

A separate moral instruction class should be arranged, but it should be considered by students as a story-telling class, and an expert moral instructor should be in charge of this class. Other teachers should also try to impart such instructions in their classes.

25. KUMARI E. K. SITA, B. Sc.

The students have a belief that the moral instruction period is one set apart for fun and merriment. It is better that moral instruction is imparted incidentally. This is much more effective. For example, if a book has been stolen in the class, the teacher could catch the culprit and speak about honesty.

26. Sri R. S. VISWANATHAN, B. A.

No teacher is specially trained to give moral instruction. How can the pupils benefit by the instruction given by those who have no idea about it? Teachers may be moral but they do not know how to give instruction. A man may be a good mathematician but he is not competent to teach mathematics to high school students.

## IDEAL OF HUMAN UNITY

"The perfect society will be that which most entirely favours the perfection of the individual; the perfection of the individual will be incomplete if it does not help towards the perfect state of the social aggregate to which he belongs and eventually to that of the largest possible human aggregate, the whole of a united humanity."

--SRI AUROBINDO.

"നിബ്ബന്ധ ശിശുവിദ്യാഭ്യാസംവഴി നമ്മുടെ നാട്ടിലെ ജനങ്ങളെ മുഴുവൻ അഭ്യസ്തവിദ്യരാക്കുവാൻ മുപ്പതോ നാല്പതോ വർഷങ്ങൾ വേണ്ടിവരും. അപ്പോഴേക്കും വിദ്യാവിഹീനരായ ജനങ്ങളുടെ ഭരണം നമ്മുടെ രാജ്യത്തെ നാശഗർത്തത്തിലേക്ക് തള്ളിയിട്ടേക്കും. ഇന്ന് തൊണ്ണൂറും തൊണ്ണൂററഞ്ചും ശതമാനം വിദ്യഭ്യാസമുള്ള രാജ്യങ്ങളെല്ലാംതന്നെ ആ നിലയിൽ എത്തിച്ചേർന്നത് വയോജനവിദ്യാഭ്യാസത്തിൽക്കൂടി മാത്രമാണ്."

129368

# വയോജനവിദ്യാഭ്യാസം

K. K. GOPALAN NAMBIAR, B. A.

നമ്മുടെ രാഷ്ട്രപിതാവിൻെറ നിർമ്മാണപരിപാടിയിലെ ഒരിനവും, സ്വതന്ത്രഭാരതത്തിലെ ഭരണകർത്താക്കളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഒരു വിഷയവുമാണ് വയോജനവിദ്യാഭ്യാസം. അതിനാൽ, ഇടക്കാലങ്ങളിലായി ദിനപത്രങ്ങളിലും, മാസികകളിലും, ചിലപ്പോഴെല്ലാം "വയോജനവിദ്യാഭ്യാസകേന്ദ്രം ഉൽഘാടനം ചെയ്തു", "വയോജനവിദ്യാഭ്യാസപരിശീലനകേന്ദ്രം നടത്തി", എന്നീ തലവാചകങ്ങളിൽ ചില കുറിപ്പുകൾ സ്ഥലം പിടിച്ചുകാണാറുണ്ട്. പക്ഷെ, അതിപ്രധാനമായ ഈ വിഷയത്തെക്കുറിച്ചു അഭ്യസ്തവിദ്യർക്കൂടി ചിന്തിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയജനകമായ സംഗതിയാണ്. എന്നാൽ, വിദ്യാഭ്യാസപ്രചരണം സ്വന്തം തൊഴിലായി സ്വീകരിച്ചിട്ടുള്ള—അഥവാ വിദ്യാഭ്യാസപ്രചരണത്തിന്നു ജീവിതത്തെ ഉഴിഞ്ഞുവെച്ചിട്ടുള്ള നമുക്ക്— ഈ വിഷയത്തെക്കുറിച്ച് അജ്ഞതഭാവിക്കുവാനോ, ചിന്തിക്കാതിരിക്കുവാനോ നിർവ്വാഹമില്ല.

## വയോജനവിദ്യാഭ്യാസമെന്നാലെന്തു?

വയോജനവിദ്യാഭ്യാസമെന്നു കേൾക്കുമ്പോൾ തന്നെ അവജ്ഞയോടുകൂടി പുരികം കോട്ടിക്കൊണ്ടു്, "ഒരുകാൽ കുഴിയിൽവെച്ച അറുപതും എഴുപതും വയസ്സ് പ്രായംചെന്നവരെ പഠിപ്പിക്കുകയല്ലേ ഇതു്?, ഇവൎക്കു വേറെ പണിയൊന്നുമില്ലേ?" എന്നും മററും പറഞ്ഞു കേൾക്കാറുള്ളതു് സാധാരണയാണ്. എന്നാൽ, വയോജനവിദ്യാഭ്യാസം (Adult education) എന്ന പദം നിർദ്ദേശിക്കുന്നതു് മുതിർന്നവരുടെ വിദ്യാഭ്യാസത്തെയാണ്. അതുകൊണ്ടു ഉദ്ദേശിക്കുന്നതു് പതിന്നാലു വയസ്സിന്നും, നാല്പത്തഞ്ചു് വയസ്സിന്നും മദ്ധ്യെയുള്ള മദ്ധ്യവയസ്കരും, നിരക്ഷരരുമായവരുടെ വിദ്യാഭ്യാസമാണെന്നും, പ്രത്യുത, വയസ്സന്മാരെ പഠിപ്പിക്കുകയല്ലെന്നും ആദ്യമായി ഓർക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം എന്ന പദംകൊണ്ടുദ്ദേശിക്കുന്നതോ, വെറും എഴുതുവാനും വായിക്കുവാനും പഠിക്കുകയെന്നതു മാത്രമല്ലെന്നും, മനുഷ്യൻെറ സർവ്വതോമുഖമായ മാനസികവും, ശാരീരികവും, ആദ്ധ്യാത്മികവുമായ വികസനം സമ്പാദിക്കുക കൂടിയാണെന്നും, അതിൻെറ ലക്ഷ്യം മനുഷ്യനെ സമുദായത്തിൻെറ അവിഭാജ്യ ഘടകമെന്ന നിലയിൽ ജീവിതം നയിക്കുവാൻ സന്നദ്ധമാക്കുകയാണെന്നും ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ വ്യാപകമായ അർത്ഥത്തിലാണ് വയോജനവിദ്യാഭ്യസം എന്നപദം ഉപയോഗിച്ചുവരുന്നതു്.

## വയോജനവിദ്യാഭ്യാസത്തിൻെറ ആവശ്യകത.

ഇന്ത്യ ഇന്ന് സ്വതന്ത്രയാണ്. ഇന്ത്യയുടെ വമ്പിച്ച ശക്തി ഇന്ത്യൻ ജനതയാണ്. ഇന്ത്യയിലെ ഈ വമ്പിച്ച അനേകകോടി ജനങ്ങളിൽ പതിനേഴ ശതമാനം ആളുകൾക്കു മാത്രമേ സാക്ഷരതയുള്ളൂ എന്ന വാസ്തവം മററു ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയെ തലകുനിപ്പിക്കുന്ന ഏററവും ലജ്ജാവഹമായ സംഗതിയാകുന്നു. വിദ്യാഭ്യാസത്തിൻെറ ആവശ്യകതക്ക് ആദ്ധ്യാത്മികവും വൈയവസായികവും രാഷ്ട്രീയവുമായ കാരണങ്ങൾ ഉന്നയിച്ചു് കാണാറുള്ളതു് സാധാരണമാണ്. എന്നാൽ കേവലം കാർഷികരാജ്യമായ ഇന്ത്യയുടെ കാർഷികാഭിവൃദ്ധിയും, തദ്വാരാ സാമ്പത്തികാഭിവൃദ്ധിയും, കർഷകരുടെ കാർഷികവിദ്യാഭ്യാസത്തിലാണു സ്ഥിതിചെയ്യുന്നതു. വിഭിന്ന സമുദായങ്ങളുടെ സങ്കേതമായ ഇന്ത്യയിൽ നടമാടുന്ന സാമുദായികമായ അസമത്വങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾ

JL
M212934T, N52

ക്കും, സംഘട്ടനങ്ങൾക്കും ഉള്ള പ്രതിവിധി നൂറ് ശതമാനം ആളുകളെയും അഭ്യസ്തവിദ്യരാക്കുക മാത്രമാണ്. പ്രജായത്തഭരണക്രമത്തിൽ വിശ്വസിക്കുന്ന ഇന്ത്യയിൽ, പ്രജായത്തഭരണത്തിൻെറ ചീത്തവശമായ അജ്ഞതയുടെ ഭരണം (Rule of ignorance) ഇല്ലായ്മചെയ്യുവാൻ ജനങ്ങളിൽ നൂറ് ശതമാനവും അഭ്യസ്തവിദ്യരായിത്തീരണം. ഇങ്ങിനെ, സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ വയോജനവിദ്യാഭ്യാസം ഒഴിച്ചുകൂടാത്തതാണ്.

## നിർബ്ബന്ധവിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും.

കുട്ടികളുടെ നിർബ്ബന്ധവിദ്യാഭ്യാസംമൂലം കാലാന്തരത്തിൽ മുഴുവൻജനങ്ങൾക്കും വിദ്യാഭ്യാസം ലഭിക്കുകയില്ലേ? എന്ന പ്രശ്നത്തിന്ന്, ലഭിക്കും എന്നു മാത്രമെ പറയുവാനുള്ളു. പക്ഷെ, അതിന്നു മുപ്പതോ, നാല്പതോ വർഷങ്ങൾ വേണ്ടിവരുമെന്നും, അപ്പോഴേക്കും എൺപത്തിമൂന്നു ശതമാനം വരുന്ന വിദ്യാവിഹീനരായ ജനങ്ങളുടെ ഭരണം നമ്മുടെ രാജ്യത്തെ നാശഗർത്തത്തിലേക്കു തള്ളിയിട്ടേക്കുമെന്നും ഓർക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഭാവിപൌരന്മാരായ ഇന്നത്തെ കുട്ടികളെ വളർത്തുന്ന കാര്യവും വിദ്യാഭ്യാസം നല്കുന്ന കാര്യവും അവരുടെ രക്ഷിതാക്കന്മാരുടെ വിദ്യാഭ്യാസനിലയെ ആശ്രയിച്ചാണിരിക്കുന്നത്. കൂടാതെ, ഇന്നു തൊണ്ണൂറും, തൊണ്ണൂററഞ്ചും ശതമാനം വിദ്യാഭ്യാസമുള്ള രാഷ്ട്രങ്ങൾ മുഴുവൻതന്നെ ആ നിലയിൽ എത്തിച്ചേർന്നതു് വയോജനവിദ്യാഭ്യാസത്തിൽകൂടി മാത്രമാണ്.

## വയോജനവിദ്യാഭ്യാസപ്രചരണത്തിന്നുള്ള ഉപാധികൾ.

1. സാക്ഷരത്വകേന്ദ്രങ്ങൾ: വിദ്യാഭ്യാസപ്രചരണത്തിന്ന് അനേകം ഉപാധികൾ ഉണ്ടു്. അവയിൽ പ്രഥമവും പ്രധാനവുമായ ഉപാധിയാണു സാക്ഷരത്വം. അതിനാൽ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സാക്ഷരത്വകേന്ദ്രങ്ങൾ സ്ഥാപിക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടതു്. ഇത്തരം കേന്ദ്രങ്ങളിൽ അക്ഷരപരിജ്ഞാനത്തിന്നുള്ള സൌകര്യത്തിന്നുപുറമെ, വിനോദങ്ങൾക്കും, ദൈനംദിനവാർത്തകൾ ഗ്രഹിക്കുവാനും, സാമ്പത്തികവും, സാംസ്കാരികവും, ആദ്ധ്യാത്മികവുമായ വിഷയങ്ങളെ ഗ്രഹിക്കുവാനും സൌകര്യങ്ങൾ ലഭിക്കേണ്ടതാണ്. ഇന്നു നിലവിലുള്ള കേന്ദ്രങ്ങളിൽ ഇത്തരം വിഷയങ്ങൾ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിന്നു പുറമെ, മൂന്നുവർഷം ക്രമമായി ഹാജരായി, മൂന്നാമത്തെ വർഷാവസാനപരീക്ഷയിൽ ജയിക്കുന്നവർക്ക്, എട്ടാംതരം വിജയിച്ചതിന്നു തുല്യമായ ഒരു സട്ടിഫിക്കററ നൽകുവാനും ഏർപ്പാടുകൾ ഉണ്ടു്. ഇത്തരം, കേന്ദ്രങ്ങൾക്കു് ഗവർമ്മെണ്ടിൽനിന്നു ധനസഹായം ലഭിച്ചുവരുന്നുണ്ടു്.

2. റൂറൽ കോളേജ് (Rural College): പകൽ ജോലിചെയ്തു നിത്യവൃത്തി കഴിക്കുന്ന ജനങ്ങളിൽ, എട്ടാംതരംവരെ പഠിച്ചിട്ടുള്ളവർക്ക് ഒഴിവുസമയം ഉയർന്ന വിദ്യാഭ്യാസത്തിന്ന് സൌകര്യപ്പെടുത്തുന്ന സ്ഥാപനമാണ് റൂറൽ കോളേജ്. ഇവിടെ ശിക്ഷണം നടത്തുന്നത് സമീപസ്ഥലങ്ങളിലെ ഹൈസ്കൂൾ അദ്ധ്യാപകന്മാരോ ട്രെയിനിങ്ങ് സ്കൂൾ അദ്ധ്യാപകന്മാരോ ആയിരിക്കും ശിക്ഷണസമയം രാവിലെയോ വൈകുന്നേരമോ ആയിരിക്കും. രണ്ടുവർഷം ക്രമമായി ഹാജരായി ഒടുവിൽ നടത്തുന്ന പരീക്ഷയിൽ വിജയിച്ചാൽ എസ്സ്. എസ്സ്. എൽ. സി.ക്കു തുല്യമായ ഒരു സട്ടിഫിക്കററ് നൽകുന്നതായിരിക്കും. മലബാറിൽ ഇത്തരം രണ്ടു് റൂറൽ കോളേജുകൾ നടത്തിവരുന്നുണ്ടു്. ഒന്നു കോഴിക്കോട്ടും, മറെറാന്നു വടകരയും ആണ് സ്ഥാപിച്ചിട്ടുള്ളതു്.

3. ദൃശ്യബോധനം (Visual Education): നിരക്ഷരരും ഗ്രാമീണരുമായ വയോജനങ്ങൾക്കു് ചലച്ചിത്രങ്ങൾ കാണുന്നതിലും, മായാദീപപ്രദർശനങ്ങൾ കാണുന്നതിലും അഭിരുചിയുണ്ടായിരിക്കും. അതിനാൽ ഗ്രാമീണർക്ക് കാർഷികവും, ശാസ്ത്രീയവും, അദ്ധ്യാത്മികവുമായ വിഷയങ്ങളെക്കുറിച്ചുള്ള അറിവിനെ മായാദീപപ്രസംഗങ്ങൾ മുഖേന നൽകുവാൻ സാധിക്കുന്നതാണ്. പൌരബോധം വളർത്തുവാനും, സമുദായസേവനൌത്സുക്യം ഉണ്ടാക്കുവാനും ഇത്തരം പ്രദർശനങ്ങൾ ഉപയുക്തങ്ങളാക്കാം.

4. ഗ്രന്ഥാലയങ്ങൾ (Libraries): വയോജനവിദ്യാഭ്യാസപ്രചരണത്തിൽ വായനശാലകളുടെ പങ്ക് ഏററവുംവലുതാണ്. ദൈനംദിനവാർത്തകൾ അറിയുവാനും, പുസ്തകങ്ങൾ വായിക്കുവാനും സഹായിക്കുന്നതിന്നു പുറമെ, ഗ്രന്ഥാലയങ്ങൾ സംസ്കാരകേന്ദ്രങ്ങൾകൂടെ ആയിരിക്കണം. ഇന്ത്യൻ ഗ്രാമങ്ങളിൽ അനേകം ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുന്നതു് വയോജനവിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്തുവാൻ സഹായകമായിരിക്കും.

## ശിക്ഷണക്രമം.

ഭയങ്കരനായ നിരക്ഷരത്വരാക്ഷസനോട് എതിർത്തുനില്ക്കുവാൻ രണ്ടായുധങ്ങൾ ആവശ്യമായിത്തീർന്നിരിക്കയാണ്. പ്രചരണത്തിന്നു കോടിക്കണക്കിൽ അദ്ധ്യാപകന്മാർ പ്രവർത്തിച്ചിട്ടും, പതിനേഴു ശതമാനം ജനങ്ങൾക്കു മാത്രമെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളു എന്നു കാണുമ്പോൾ എൺപത്തിമൂന്നു ശതമാനം വരുന്ന നിരക്ഷരരെ സാക്ഷരത്വത്തിലേക്കു നയിക്കുവാൻ അസംഖ്യം അദ്ധ്യാപകന്മാർ വേണ്ടിവരുമെന്നതു് വ്യക്തമാണ്. കൂടാതെ വയോജനമനശ്ശാസ്ത്രം കുട്ടികളുടെ മനശ്ശാസ്ത്രത്തിൽനിന്നു വ്യത്യസ്തമായിരിക്കുകയാൽ കുട്ടികളുടെ മനശ്ശാസ്ത്രം പഠിച്ച അദ്ധ്യാപകന്മാർ വയോജനങ്ങൾക്കു ശിക്ഷണം നൽകുവാൻ പററിയവരല്ലെന്നു അഭിപ്രായവുമുണ്ട്. അതിനാൽ വയോജനമനശ്ശാസ്ത്രവും ശിക്ഷണരീതിയും അറിയുന്ന അദ്ധ്യാപകന്മാരെ സൃഷ്ടിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുകയാണ്. ഇപ്പോൾ മലബാറിൽനിന്നു അദ്ധ്യാപകന്മാർക്കു ഇത്തരം പരിശീലനങ്ങൾ നല്കിവരുന്നുണ്ടെന്നതു ആശ്വാസം തന്നെ.

സാക്ഷരത്വമുള്ള ഓരോരുത്തനും നിരക്ഷരത്വമുള്ള ഓരോരുത്തനെയെങ്കിലും പഠിപ്പിക്കുന്നതായാൽ (‘Each one teach one’) നാല്പതു് ദിവസത്തിനകം സാക്ഷരത്വത്തിന്റെ ശതമാനം ഇന്നുള്ളതിന്റെ ഇരട്ടിയായിത്തീരുന്നതും ഇങ്ങിനെ തുടരുന്നതായാൽ ഒരു വർഷത്തിനകം നിരക്ഷരത്വം ഇല്ലാതെയായ്ത്തീരുന്നതുമാണെന്നഭിപ്രായമുണ്ട്. പക്ഷെ ഈ അഭിപ്രായം ഗണിതശാസ്ത്രത്തിൽമാത്രം ഉൾക്കൊള്ളിക്കാമെന്നല്ലാതെ പ്രായോഗികല്ലെന്നു അനുഭവം തെളിയിക്കുന്നതാണ്.

## ലോബേക്ക് രീതി (Lauback method)

വയോജനങ്ങൾ ഒരു കേന്ദ്രത്തിൽ വരുന്നതു് ചില ഉദ്ദേശങ്ങളോടുകൂടിയായിരിക്കും. അവരുടെ വിദ്യാഭ്യാസയോഗ്യതയുടെ തോതു് ഒരു ക്ലാസിലെ കുട്ടികളുടെതുപോലെ തുല്യമായിരിക്കുകയില്ല. അവർക്കു ധാരണാശക്തിയേക്കാളധികം ആലോചനാശക്തിയാണുണ്ടായിരിക്കുക. കുട്ടികളെപ്പോലെ അവർക്കു എല്ലാദിവസവുംകേന്ദ്രത്തിൽ ഹാജരാകുവാൻ സാധിച്ചില്ലെന്നു വരാം. ഇത്തരം മനശ്ശാസ്ത്രപരമായ തത്വങ്ങളുടെ പശ്ചാത്തലത്തിൽ വയോജനവിദ്യാഭ്യാസപ്രചരണത്തിന്നു കൈക്കൊണ്ടിട്ടുള്ള രീതിയാണു ‘ലോബേക്ക് രീതി’. നൂറിൽപരം ഭാഷകളിൽ വയോജനവിദ്യാഭ്യാസപരീക്ഷണം നടത്തി എളുപ്പത്തിൽ സാക്ഷരത്വത്തെ പ്രചരിപ്പിക്കുവാനുള്ള ഒരു രീതി ആലോചിച്ചുറച്ച അമേരിക്കൻ വയോജനവിദ്യാഭ്യാസവിദഗ്ധനാണ് ഡോക്ടർ ലോബേക്ക്. അദ്ദേഹം കുറെ വർഷങ്ങളോളം ഇന്ത്യയിൽ താമസിച്ചു്, ഇന്ത്യൻ വിദ്യാഭ്യാസത്തിന്നു ഒരു മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ തത്വങ്ങളെ അനുസരിച്ചു് വിദ്യാഭ്യസനം തുടരുന്നതായാൽ നാല്പതു് ദിവസത്തിന്നുള്ളിൽ സാമാന്യബുദ്ധിയുള്ള ഏതൊരു നിരക്ഷരനും സാക്ഷരത്വം നേടാമെന്നു പരീക്ഷിച്ചറിഞ്ഞതിനാലാണ് ലോബേക്ക് രീതി വയോജനവിദ്യാഭ്യാസപ്രചരണത്തിന്നു സ്വീകരിച്ചിട്ടുള്ളതു്. ചില സൂചനാചിത്രങ്ങളും (Key pictures) മററു ചിത്രങ്ങളും കൂട്ടിയിണക്കി ഭാഷയിലെ ലിപികളും ലിപിയോഗങ്ങളും അച്ചടിച്ചിട്ടുള്ള ഒരു ചാർട്ടാണ് ആദ്യമായി വയോജനങ്ങൾക്കു നല്കുക. ഓരോ ദിവസം ഓരോ അക്ഷരംമാത്രം പഠിപ്പിക്കുകയും അവ കൂട്ടിവായിക്കുവാൻ സഹായിക്കുകയും ചെയ്യും. അതിന്നു പ്രത്യേകം വായനാപത്രങ്ങളും (Reading sheets) ഉണ്ടാക്കിയിട്ടുണ്ട്. ഇവക്കുപുറമെ തുടർച്ചയായി വായിക്കുവാനുതകുന്ന രീതിയിൽ അനുസ്യൂതപഠനശ്രേണിയും (Continuation reading series) തയ്യാറാക്കി വരുന്നുണ്ട്. ഇത്തരം നൂതനോപകരണങ്ങളുടെ സഹായത്തോടുകൂടി സാക്ഷരത്വം എളുപ്പത്തിൽ പ്രചരിപ്പിക്കാൻ സാധിക്കുമെന്നാണ് അഭിപ്രായം.

വയോജനവിദ്യാഭ്യാസത്തിനെ സംബന്ധിച്ചേടത്തോളം കൂടുതൽ നിർദ്ദേശങ്ങൾ തെക്കെ ഇന്ത്യൻ വയോജനവിദ്യാഭ്യാസ സൊസൈററിയിൽനിന്നും (South Indian adult education society) ‘വയോജനവിദ്യാഭ്യാസനിരീക്ഷണം’ (Adult education review) എന്ന പ്രസിദ്ധീകരണത്തിൽനിന്നും ലഭിക്കുന്നതാണ്.

"ചിന്തയേക്കാൾ കാമ്യമാണ് ദിവാസ്വപ്നം............ബാഹ്യലോകത്തിൻെറ പ്രേരണ വളരെ കുറഞ്ഞ ഏകാന്തത്തിലും മററും അലയുവാനുള്ള ആഗ്രഹം യഥാർത്ഥത്തിൽ ദിവാസ്വപ്നങ്ങൾക്കുള്ള അരങ്ങൊരുക്കാണ്".

# സ്വപ്നങ്ങൾ.

Sri P. P. KRISHNAN, B. A.

മുതിന്ന വ്യക്തികൾക്കുപോലും അധികനേരം ഒന്നിൽതന്നെ ശ്രദ്ധവെക്കുവാൻ കഴിയുന്നില്ല. ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലും മററും പരിശീലനം സിദ്ധിച്ച ബി. ടി. വിദ്യാർത്ഥികൾക്ക് ഒരു മണിക്കൂർ നീണ്ടുനില്ലുന്ന പ്രസംഗം മുഴുവനും ശ്രദ്ധിക്കുവാൻ കഴിയുന്നില്ലെന്നു സ്വാനുഭവങ്ങൾ തെളിയിക്കുന്നു. ഓരോ പ്രസംഗത്തിൻെറ ആരംഭത്തിലും അവർ മനസ്സിനെപ്പിടിച്ച് പ്രസംഗത്തിന്നഭിമുഖമായി വെക്കുന്നുവെന്നു പറയാം. എന്നാൽ കുറെ നിമിഷങ്ങൾകൊണ്ടു ആ 'മാനുഷമാനസമക്കടം' എങ്ങൊ ചാടിപ്പോകുന്നു. അങ്ങിനെ വീണ്ടും ഒരു കുടുക്കിട്ടു കൊണ്ടുവരൽ വേണ്ടിവരുന്നു. സുവ്യവസ്ഥിതമായ ചിന്ത സുകരമല്ലെന്നു ഇതു തെളിയിക്കുന്നുണ്ടല്ലൊ. ഈ വിഷയത്തിൽ കുട്ടികളുടെ നില ഏതാണ്ടു് ഊഹ്യമാണ്.

അവധാനം അത്യന്താപേക്ഷിതമായ ചിന്തയിൽനിന്ന് മനസ്സിൻെറ ഈ ചാടിപ്പോക്ക് ക്ഷീണംകൊണ്ടാണെന്നു തോന്നിയേക്കാം. മനസ്സിന്നു ക്ഷീണം എന്നൊന്നുള്ളതുതന്നെ. വിശ്രമം അതിന്നുള്ള പരിഹാരമാർഗ്ഗവുമാണ്. എന്നാൽ മനസ്സഞ്ചാരം മനോവിശ്രാന്തിയല്ല. നമ്മൾ നിർദ്ദേശിക്കുന്ന മാർഗ്ഗത്തേക്കാൾ സുഗമവും സുഖപ്രദവുമായ ഒരു പ്രവർത്തനപഥം അതു സ്വീകരിക്കുന്നു എന്നേ ഉള്ളു. വിശ്രമം അതിലില്ല. നാം ഒരുവിധം ശബ്ദങ്ങൾക്ക്—ദൃശ്യങ്ങൾക്ക്—പ്രേരകങ്ങൾക്കു മനസ്സിനെ ഒരുക്കിനിർത്തുന്നു. എന്നാൽ മനസ്സിൻെറ ഒരു ഭാഗം—ഒരു ഡിപ്പാർട്ടുമെൻറ്—അപ്പോഴേക്കും ചില സജീവമായ ചിത്രങ്ങളെ മറെറല്ലാ വസ്തുക്കളേയും സമർത്ഥമായി തട്ടിനീക്കി മനസ്സിന്നു മുമ്പാകെ വെക്കുന്നു. മനസ്സ് അതിലേക്കു തിരിയുന്നു, അതിൽ മുഴുകുന്നു. ഇതാണ് ദിവാസ്വപ്നം.

മനസ്സിന്നു ഉപബോധമനസ്സ് എന്നൊരു അഗാധതലം ഉണ്ടെന്നു മനശ്ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഏതാണ്ടൊരു ന്യൂരകൊല്ലമായി അതിൻെറ ഭീമമായ ശക്തിയെപ്പററി അവർ പഠിക്കുകയാണ്. ബോധമനസ്സിന്നു അസാദ്ധ്യമായ പലതും അതിന്നു ക്ഷിപ്രസാദ്ധ്യമാണ്. ഇന്ദ്രിയങ്ങളുടെ പരിധിയിൽവന്ന ഏതു പ്രേരകവും ഉപബോധമനസ്സിൽ ശിലാലിഖിതമായി കിടപ്പുണ്ടു്. ഏതാനും മാസം പ്രായമുള്ളപ്പോഴത്തെ അനുഭവങ്ങളുടെചിത്രങ്ങൾപോലും അവിടെലിഖിതമായി കിടപ്പുണ്ടുപോലും. ഉപബോധമനസ്സിന്നു, ഏററവും മികച്ച കലാകാരനെ അതിശയിക്കുന്ന ക്രമീകരണശക്തിയും ഉണ്ടു്. ഈ സംഗതി ലേഖനത്തിൻെറ അവസാനത്തിൽ വ്യക്തമാവുന്നതാണ്.

ദിവാസ്വപ്നങ്ങൾ എല്ലാക്കും ഒരുപോലെയല്ല അനുഭവപ്പെടുന്നതു്. ചിലർ പരിസരത്തെയാകെ വിസ്മരിച്ച് സ്വപ്നത്തിൽമാത്രം ശ്രദ്ധാലുക്കളായിത്തീരുന്നു. ഒരു നിദ്രയിൽനിന്നെന്നപോലെയാണ് യഥാർത്ഥലോകത്തിലേയ്ക്കു് അവർ തിരിച്ചു വരുന്നതു്. മററുചിലർ സ്വപ്നം കണ്ടുകൊണ്ടിരിക്കയും ചെയ്യും. ഈ തരക്കാർ രണ്ടു ലോകത്തിൽ ഒന്നായി ജീവിക്കുന്നുവെന്നു പറയാം.

ഒരു സിനിമാപടത്തിലെന്നപോലെ യഥാർത്ഥവസ്തുക്കൾക്കു പകരം സങ്കല്പചിത്രങ്ങൾ വന്നുചേരുന്നതു അതായതു സ്വപ്നത്തിലേക്കിറങ്ങുന്നതു മനുഷ്യശക്തിക്കതീതമായ വേഗത്തിലായിരിക്കും. താൻ സ്വപ്നം കാണുകയാണെന്നു വ്യക്തി അറിയുന്നതുതന്നെ നിമിഷങ്ങൾ വളരെ കഴിഞ്ഞിട്ടായിരിക്കും. ഇടയ്ക്കു് ചില ശക്തിയുള്ള ബാഹ്യപ്രേരകങ്ങൾ വേണ്ടിവരും ബോധാവസ്ഥയുടെ തിരിച്ചുവരവിന്നു. വീട്ടുപാത്രങ്ങൾ തേച്ചു വൃത്തിയാക്കിക്കൊണ്ടിരുന്ന ഒരു യുവതി ദിവാസ്വപ്നത്തിലേക്കു വഴുതിപോകുന്നതു ഞാൻ കാണുകയുണ്ടായിട്ടുണ്ടു്. ക്രമേണ അവളുടെ കരചലനം നില്ക്കുകയും, കണ്ണു നിർജ്ജീവമാവുകയും ചെയ്യുന്നതു കാണാമായിരുന്നു. അടുത്തുള്ളതെല്ലാം കണ്ടുകൊണ്ടിരുന്ന ഒരു കുട്ടിയുടെ പരിഹാസാട്ടഹാസം കേട്ടിട്ടാണ് അവൾ ഉണന്നു യഥാപൂർവ്വം പ്രവൃത്തി തുടന്നതു.

ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കുകയും അതേ സമയത്ത് ക്രമമായ മാനസിക പ്രവർത്തനം നത

ത്തുകയും ഏതാണ്ടസാദ്ധ്യമാണെന്നതു വ്യക്തമാണല്ലൊ. ബാലന്മാർ ദിവാസ്വപ്നത്തിന്നു വേഗം ഇരയാകുന്നു. അതുകൊണ്ടു അദ്ധ്യാപകന്റെ അദ്ധ്യാപനം— അതു കണക്കിൽ കവിഞ്ഞു് രസമില്ലെങ്കിൽ—ചില കുട്ടികളിലെങ്കിലും നിഷ്ഫലമായിത്തീരുന്നു. ഒരിക്കൽ ക്ലാസിൽ പഠിപ്പിച്ച പഠനത്തിന്നു ഒരു ആവർത്തനം, എന്നിട്ടും പരീക്ഷയിൽ ചിലരുടെ പരാജയം ഇതിന്നെല്ലാം കാരണം ദിവാസ്വപ്നങ്ങളാണ്. ചില സമർത്ഥരായ കുട്ടികൾ പോലും പരീക്ഷയിൽ തോല്ക്കുന്നതുകണ്ടു് അദ്ധ്യാപകന്മാർ വൃഥാ അത്ഭുതപ്പെടാറുണ്ടു്.

ചിന്തയേക്കാൾ കാമ്യമാണ് ദിവാസ്വപ്നം. അതുകൊണ്ടാണ് നാം അതിലേക്ക് അത്രവേഗം വഴുതിപ്പോകുന്നതു. അതുകൊണ്ടുതന്നെയാണ് കല്പിച്ചുകൂട്ടി നാം ദിവാസ്വപ്നത്തിന്നു സൌകര്യമുണ്ടാക്കുന്നത്. ബാഹ്യലോകത്തിന്റെ പ്രേരണ വളരെ കുറഞ്ഞ ഏകാന്തത്തിലും മററും അലയുവാനുള്ള ആഗ്രഹം യഥാർത്ഥത്തിൽ ദിവാസ്വപ്നങ്ങൾക്ക് അരങ്ങൊരുക്കുവാനാണ്.

ശിശുക്കളെ സ്വപ്നാവസ്ഥയിൽ കാണുക എളുപ്പമാണ്. കുട്ടി ഒററയ്ക്കോ മററു കുട്ടികളോടൊപ്പമൊ കളിക്കുന്നതിനിടയിൽ ചില സങ്കല്പസ്നേഹിതന്മാരോടു സംസാരിക്കുന്നതു കേൾക്കാം. ചില കുട്ടികൾ ഒററയ്ക്കായാൽ മാത്രമേ ഇത്തരം സുഹൃത്തുക്കളെ സൃഷ്ടിക്കുകയും അവരോടൊപ്പം കളിക്കുകയുമുള്ളു. ഏതായാലും ഈ സങ്കല്പസ്നേഹിതന്മാർ എപ്പോഴും തന്നിൽ താണവരായിരിക്കും. അധികാരസ്വരത്തിൽ മാത്രമെ അവരോടു സംസാരിക്കു. ഇടയ്ക്കു് ചില ശിക്ഷയും അവൎക്കു കിട്ടുന്നതു കാണാം. ഇവിടെ നാം കാണുന്നതു വാസനകളുടെ പ്രവർത്തനമാണ്. സഹകരണവാസനയാണ് സ്നേഹിതനെ സൃഷ്ടിക്കുവാൻ ഇടയാക്കിയത്. അവനെ തൻകീഴിൽ വെക്കുന്നതു സ്വസ്ഥാപനത്തിന്റെ ഫലമാണ്. ഇങ്ങിനെ പല വാസനകളുടേയും പ്രവർത്തനരംഗമാണ് എല്ലാ ദിവാസ്വപ്നങ്ങളും.

മുതിർന്നവരുടെ ഇടയിൽ ജീവിക്കുന്ന കുട്ടി എപ്പോഴും ഒരു താണനിലയായിരിക്കുമെന്നതു വ്യക്തമാണല്ലൊ. അവന്റെ ഏതാനും സഹജവാസനകളും അമർത്തപ്പെട്ടുകിടക്കുന്നു. യഥാർത്ഥലോകത്തിൽ തന്റെ വാസനകളുടെ പ്രകടനം അസാദ്ധ്യമാണെങ്കിൽ കുട്ടി ഒരു സങ്കല്പലോകം സൃഷ്ടിക്കുകയായി. അതിലെ സർവ്വാധിപതി അവനാണ്. യഥാർത്ഥ ലോകത്തിൽ സാധിക്കാത്തത് അവനവിടെ സാധിക്കുന്നു. ഇതിൽനിന്നെല്ലാം പരിസരങ്ങളുടെ അപര്യാപ്തതയാണ് ദിവാസ്വപ്നങ്ങൾക്കിടവരുത്തുന്നതെന്നു തെളിയുന്നു. ഒരു ആദർശപരിസരം ആത്മശക്തികൾക്കെല്ലാം പൂർണ്ണപ്രകടനം അനുവദിക്കുന്ന ഒന്നായിരിക്കണം. എല്ലാ വാസനകളുടേയും യഥാർത്ഥ പ്രകടനം ആശാസ്യമല്ലതാനും. അതുകൊണ്ടവ അമർത്തപ്പെടുന്നു. അങ്ങിനെ ദിവാസ്വപ്നങ്ങൾക്ക് ആവശ്യകത നേരിടുന്നു. അമൎന്നുകിടക്കുന്ന വാസനകൾക്ക് ബഹിഃപ്രകടനമാർഗ്ഗം ദിവാസ്വപ്നത്തിൽ കിട്ടുന്നു.

ഏതാനും പാഠങ്ങളും കുട്ടികളുടെ ആത്മസ്ഥാപനത്തിന്നു് ഉതകുന്നില്ല; പ്രത്യുത അദ്ധ്യാപകന്റെ സ്വസ്ഥാപനത്തിൽ കലാശിക്കുന്നു. അതുകൊണ്ടു പാഠത്തിൽനിന്നു അവരുടെ അവധാനം ദിവാസ്വപ്നങ്ങളിലേയ്ക്കു് നീതമാകുന്നു. അതു കൂടുതൽ ആകർഷമാണ്, ആത്മസ്ഥാപനപ്രധാനങ്ങളാണ്, ഉപബോധമനസ്സിലുള്ള പ്രതിബിംബസംഘാതങ്ങൾ ഇണങ്ങിച്ചേർന്നതാണ്.

സ്കൂൾകുട്ടികളുടെ ദിവാസ്വപ്നങ്ങളെ പരിശോധിച്ച മനശ്ശാസ്ത്രജ്ഞന്മാർ അത്യന്തം അസ്വാഭാവികങ്ങളായ സ്വപ്നങ്ങൾ കാണുന്ന കുട്ടികൾ ക്ലാസ്സിലൊ കളിയിലൊ വിജയം കിട്ടാത്തവരാണെന്നു കണ്ടിരിക്കുന്നു. അവൎക്ക് ഇവിടെ കിട്ടാത്ത വിജയം അവിടെ കിട്ടുന്നു.

യക്ഷികഥകൾക്ക് കുട്ടികളുടെ ഇടയിൽ വലിയ പ്രചാരം കിട്ടുന്നുണ്ടല്ലൊ. ജാക്ക്, സിൻഡ്രെല്ല മുതലായ കഥകളെ പരിശോധിച്ചുനോക്കുക. അഗണ്യകോടിയിൽ കിടക്കുന്ന സാധുക്കളായ വ്യക്തികൾ പെട്ടെന്നു പ്രബലന്മാരും പ്രസിദ്ധന്മാരുമായിത്തീരുന്നതാണ് അതിലെല്ലാം നമ്മൾ കാണുക. മുതിർന്നവൎക്കു ആ കഥകളെല്ലാം നിസ്സാരങ്ങളാണ്. അസ്വാഭാവികങ്ങളും അസംഭാവ്യങ്ങളുമാണ്. എന്നാൽ കുട്ടികൾക്ക് ഇത്തരം യക്ഷികഥകളിൽ കവിഞ്ഞ രസമുള്ള കഥകളില്ല. അതിന്നു കാരണം കുട്ടികൾ യക്ഷികഥകളിലെ നായകന്മാരുമായി ഒരു താദാത്മ്യം സ്ഥാപിക്കുന്നതുകൊണ്ടാണ്. കുട്ടികളുടെ ഇപ്പോഴത്തെ അധഃകൃതസ്ഥിതിയും കഥാനായകന്റെ സ്ഥിതിയും ഒന്നുതന്നെ. കഥാനായകന്നു പിന്നീടനുഭവപ്പെട്ടതു് തങ്ങൾക്കും ഉണ്ടാകുമെന്നവർ വിഭാവനം ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ കഥാനായകന്മാർ തങ്ങൾതന്നേയാണെന്നു കുട്ടികൾ കരുതുന്നു. തങ്ങളെപ്പററിയുള്ള കഥകൾ ആൎക്കാണ് ആകർഷകങ്ങളല്ലാത്തതു്?

ദിവാസ്വപ്നങ്ങൾക്കു പുറമെ നിദ്രയിലും നമ്മൾക്ക് സ്വപ്നമുണ്ടാകാറുണ്ട്. കുട്ടികൾക്ക് ഈ

സ്വപ്നങ്ങളും വളരെ അധികമായിരിക്കും. അവക്കുണ്ടാകുന്ന സാധാരണ സ്വപ്നം പകൽ അസാദ്ധ്യമായ ഒരാശ നിർവ്വഹിക്കപ്പെടുന്നതായിരിക്കും. കുട്ടികൾ വിവരിച്ച അനവധി സ്വപ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ശാസ്ത്രജ്ഞന്മാർ ഈ നിഗമനത്തിൽ എത്തിയതു്. ദരിദ്രരായ കുട്ടികൾ തങ്ങൾ പുസ്തകങ്ങളിൽ വായിച്ചവിധം വിവിധ വിഭവങ്ങളോടുകൂടിയ സദ്യ സ്വപ്നം കാണുന്നു.

കുട്ടിയുടെ സ്ഥിതിയും പരിസരവും നല്ലവണ്ണം പഠിച്ചാൽമാത്രമെ സ്വപ്നത്തെ വ്യാഖ്യാനിക്കുവാൻ നിവൃത്തിയുള്ളു. സ്വപ്നം ഒരു സാഹിത്യരചനയ്ക്കു തുല്യമാണെന്നുമുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലൊ. സാഹിത്യനിർമ്മാണം എല്ലാക്കും സാദ്ധ്യമല്ല. എന്നാൽ സ്വപ്നം ഏതു വ്യക്തിയുടെയും നിർബോധമനസ്സിന്നു സൃഷ്ടിക്കുവാൻ ശക്തിയുണ്ട്. അതിലെ പല ഘടകങ്ങളും പല സ്ഥലത്തും സമയത്തും നടക്കുന്നതായിരിക്കാം. അവയെ സമർത്ഥമായി ഇണക്കിഘടിപ്പിച്ച് പുതിയ ഒരു സർഗക്രിയയാണ് ഉപബോധമനസ്സ് ചെയ്യുന്നതു.

ഒരു ഭയങ്കരജന്തുതന്നെ തിന്നുവാനൊരുങ്ങുന്നതായി സ്വപ്നം കണ്ടു് നിലവിളിച്ചുണരുക പല കുട്ടികളുടേയും അനുഭവമാണ്. ഇതു് ദുഷ്ടജന്തുവിന്നു് ഇരയാകുവാനുള്ള ആശകൊണ്ടല്ല. അടുത്തായി ദുസ്സാധമായിത്തിന്നിരിക്കുന്ന മാതാപിതാക്കളുടെ ശ്രദ്ധ ആകർഷിക്കുവാനുള്ള ആശയുടെ സിദ്ധിയാണതിൽ അന്തർഭവിച്ചിരിക്കുന്നതു്.

ഒരു കുട്ടി നിലത്ത് വഴുതിവീണ് മുറിപററിയതായി സ്വപ്നംകാണുന്നു. സ്വപ്രകടനത്തിന്റെ ഫലമായി വീഴ്ച അവന്നു് ഒരിക്കൽ അനുഭവപ്പെട്ടിട്ടുണ്ടു്. അതു വേദനാജനകമാണെന്നതു തീർച്ചതന്നെ. അതുകൊണ്ടു വീഴ്ച കുട്ടി ആഗ്രഹിക്കുന്നില്ല. എന്നാൽ ആ പതനംകൊണ്ടു അവന്റെ ഒരാശ സാധിച്ചിട്ടുണ്ടു്. സ്വമാതാവ് അടുത്തകാലത്ത് അവനെ വേണ്ടത്ര താലോലിക്കുകയൊ അവനിൽ വേണ്ടത്ര ശ്രദ്ധവെക്കുകയൊ ചെയ്തിരുന്നില്ല. ഇപ്പോൾ അവൾ അവനെയെടുത്തു് ശുശ്രൂഷിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഇതവന്നു ആശാസപ്രദമാണ്. അതുകൊണ്ടു അവൻ വീഴുവാൻ ആഗ്രഹിക്കുന്നു. ഈ വൈരുദ്ധ്യങ്ങളുടെ ഇണങ്ങിച്ചേരൽ സ്വപ്നത്തിൽ മാത്രമാണല്ലൊ സാദ്ധ്യമാവുക.

"ഈടാർന്നമർത്ത്യശിശുവിന്നുലകാമരങ്ങി-
ലാടാനിരിക്കുമൊരു ജീവിതനാടകത്തിൽ
കേടററ വേഷമണിയുന്നതിനാണപള്ളി-
ക്കൂടങ്ങളെന്നു ഹൃദി നിങ്ങൾനിനപ്പിനാദ്യം"

1952 ഫിബ്രവരി 6-ാംനു- ഡോക്ടർ ചേലന്നാട്ട് അച്യുതമേനവൻെറ നിര്യാണം കൈരളിയ്ക്കും കേരളീയർക്കും ഒരു തീരാനഷ്ടം വരുത്തിക്കൂട്ടി.

പ്രശാന്തസുന്ദരവും മന്ദഹാസവിലസിതവുമായ മുഖഭാവം; ഫലിതമയമായ സംഭാഷണം; പ്രതികാരേച്ഛ തീണ്ടാത്ത ശുദ്ധമനസ്സ്; പരോപകാരപ്രവണവും കാപട്യരഹിതവുമായ പെരുമാററം; നിഷ്കളങ്കവും ഭൂതദയാനിർഭരവുമായ ഹൃദയം; എന്നീ സവിശേഷതകളാണ് ദിവംഗതനായ ഡോക്ടർ അച്യുതമേനവനെക്കുറിച്ച് സ്മരിക്കുമ്പോൾ നമ്മുടെ ഓർമ്മയിൽ വരുന്നത്. തൻെറ സർവാഭ്യുദയങ്ങൾക്കും കാരണഭൂതനും ഗുണകാംക്ഷിയും യശശ്ശരീരനുമായ എം. ഏകാൻഡത്തിനെ കൃതജ്ഞതാദരങ്ങളോടുകൂടെ അനുദിനം സ്മരിച്ചിരുന്നു ഡോക്ടർ ചേലന്നാട്ട് എന്നറിയുമ്പോൾ നമുക്ക് അദ്ദേഹത്തിലുള്ള ബഹുമാനം ഇരട്ടിക്കുന്നു.

മദിരാശി സർവ്വകലാശാലയിലെ പൌരസ്ത്യഭാഷാഗവേഷണവകുപ്പിൻെറ ഉൽപത്തിക്കും വളർച്ചയ്ക്കും വേണ്ടി അശ്രാന്തപരിശ്രമം ചെയ്ത പ്രാരംഭകന്മാരിൽ ഒരാളാണ് അദ്ദേഹമെന്ന് ഏവർക്കും അറിയാം. "എഴുത്തച്ഛനും അദ്ദേഹത്തിൻെറ കാലവും", "വടക്കൻപാട്ടുകൾ", "കേരളത്തിലെ കാളീസേവ", "പ്രദക്ഷിണം", "പുഞ്ചിരി" "ദേവീദാസൻ" എന്നീ ഗ്രന്ഥങ്ങളെക്കൊണ്ട് സാഹിത്യത്തറവാട്ടിലെ മുതലെടുപ്പ് വർദ്ധിപ്പിക്കുവാൻ അദ്ദേഹം ചരിതാർത്ഥമാംവണ്ണം യതിച്ചിട്ടുണ്ട്.

സാഹിത്യവ്യവസായത്തിൽ അഭിരുചിയുള്ള വ്യക്തികളെ സമുചിതമായി പ്രോത്സാഹിപ്പിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യവും സന്മനസ്സും അനിതരസാധാരണമാണ്. ആ മഹാമനസ്കൻെറ അപേക്ഷപ്രകാരമാണ്, 'രാഘവീയം' മഹാകാവ്യത്തിൻെറ ഒരു വൃത്താനുവൃത്തവിവർത്തനം, പരേതനായ സാഹിത്യതിലകൻ പി. കെ. കൃഷ്ണൻമൂത്തനമ്പ്യാരിൽനിന്ന് കൈരളിക്ക് കരഗതമായതെന്ന വസ്തുത ഇതിന്ന് സാക്ഷ്യം വഹിക്കുന്നു.

സംസ്കൃതബിരുദധാരികളായ അനേകം മലയാളികൾ സംസ്കൃതഭാഷാവിഭാഗം വിട്ട് മലയാളവകുപ്പിൽ ഗവേഷണവിദ്യാർത്ഥിത്വം സ്വീകരിച്ചിരുന്നതിൻെറ കാരണം ആ ഗവേഷണാധ്യാപകൻെറ ആകർഷകമായ വ്യക്തിത്വമല്ലാതെ മറെറാന്നുമല്ല. സംസ്കൃതഭാഷാപാണ്ഡിത്യവും ആംഗലഭാഷാപാണ്ഡിത്യവും മലയാളഭാഷാവൈദുഷ്യത്തിൻെറ മാററ് കൂട്ടുകയല്ലാതെ കുറക്കുകയില്ലെന്ന് അദ്ദേഹം തൻെറ ജീവിതംകൊണ്ട് തെളിയിച്ചു.

അദ്ദേഹത്തിൻെറ ജീവിതം ഹ്രസ്വമെങ്കിലും സംഭവബഹുലവും സേവനപ്രധാനവുമായിരുന്നതിനാൽ "മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം?" എന്ന് നമുക്കു സമാധാനിക്കാം. അദ്ദേഹത്തിൻെറ കൈരളീഭക്തിയെ അനുകരിക്കുവാൻ നാം സന്നദ്ധരാകുക; പരേതൻെറ പരിശുദ്ധാത്മാവിന്ന് നിത്യശാന്തി നേരുക.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ശ്രീ. സി. സി. മാധവൻനമ്പ്യാർ,

B. Sc; L. T; B. O. L; M. A;

"മദിരാശി നഗരിയിൽ, പരശ്ശുവാക്കത്തെ ആനന്ദാധീശ്വരൻ കോവിലിന്റെ മുമ്പിലുള്ള പഴയങ്ങാടി കൃഷ്ണന്റെ വെററിലക്കട മുതൽ സർ. എം. കൃഷ്ണൻനായരുടെ നിയമമന്ത്രിമന്ദിരംവരെയുള്ള പദവികളിൽ, അട്ടക്കട്ടക്കായി നില്ക്കുന്ന മലയാളികളുടെ നന്മതിന്മകളിൽ, സന്തോഷസന്താപങ്ങളിൽ, ആളും തരവും നോക്കാതെ സജീവമായി പങ്കെടുത്ത ഒരേ ഒരു മലയാളിയായിരുന്നു ഡോക്ടർ അച്യുതമേനോൻ."

# ഡോക്ടർ ചേലനാട്

Sri. CHIRAKKAL T. BALAKRISHNAN NAIR. B. A.,

ബെല്ലാരിയിലെ മണൽപരപ്പിന്റെ നടുവിൽ, തൊട്ടാൽ മിന്നലേററു മരിക്കത്തക്കവണ്ണം വൈദ്യുതക്കമ്പികൾ വരിവരിയായി വരിഞ്ഞു കെട്ടിയുറപ്പിച്ചിട്ടുള്ള മതിൽക്കെട്ടിനകത്ത്, പാതിരിപ്പറമ്പിലെ ജീർണ്ണിച്ച ശവക്കല്ലറകളെപ്പോലെ അങ്ങിങ്ങായിക്കിടക്കുന്ന നെടുനീളൻ കെട്ടിടങ്ങളിലൊന്നിൽ, പടിഞ്ഞാറെയററത്തൊരു മൂലയിൽ, ചെറുങ്ങനെയൊന്നനങ്ങിയാൽ വാവിട്ടു നിലവിളിക്കുന്ന കട്ടിലിൽ, എത്രയോ കുററവാളികളുടെ ശരീരസമ്പക്കംകൊണ്ടു വിവണ്ണവും വിരൂപവുമായിട്ടുള്ള ഒരു പഴയ ചികരിക്കിടക്കയിൽ, കമിഴ്ന്നും, മലന്നും, ചെരിഞ്ഞും കിടന്നുരുണ്ടുകൊണ്ടു കഴിച്ചുകൂട്ടിയ രണ്ടാണ്ടുകളുടെ തമോമയമായ പുലർവേളയെ ഞാൻ ഇയ്യിടെയായി പലപ്പോഴും ഓൎത്തുപോകാറുണ്ട്. 1942-ൽ ആലിപുരം ജയിലിൽ ആയിരുന്നതിനെയാണ് ഞാൻ സൂചിപ്പിക്കുന്നതു. ഒന്നിനോടൊന്നു തൊട്ടുകൊണ്ടു, പിന്നാലെ വരുന്നതോരോന്നും മുമ്പിലെത്തതിനെക്കാൾ കടുപ്പംപൂണ്ട കദനങ്ങളുടെ സമ്മർദ്ദനത്തെ ലഘൂകരിക്കുവാനുള്ള ഉപാധികളൊ ഉപായങ്ങളൊ ആലിപുരം ജയിലിലെ അയ്യായിരത്തിൽപരം രാഷ്ട്രീയത്തടവുകാരിൽ ഒരുത്തനും ഉണ്ടായിരുന്നില്ല. ഒരു കൊല്ലത്തോളം നാട്ടിൽനിന്നൊ വീട്ടിൽനിന്നൊ ആക്കും യാതൊരു വത്തമാനവും ലഭിച്ചിരുന്നുമില്ല. എന്നെ സംബന്ധിച്ചു ഒരു കമ്പിവത്തമാനംമാത്രം വായിച്ചു കേൾപ്പിക്കുവാൻ ജെയിൽ സൂപ്രണ്ട് മിസ്റ്റർ ഹൌവിന്നു സന്മനസ്സുണ്ടായി. 'രാജശേഖരൻ പെട്ടെന്നുള്ള പനിയാൽ ഇന്നു രാവിലെ മരിച്ചു' എന്നായിരുന്നു വാത്ത. അങ്ങനെ അകവും പുറവും തീക്കടൽത്തിരകളിൽപെട്ടു നീറിക്കൊണ്ടിരുന്ന കാലഘട്ടത്തിലൊരു ദിവസം, ഹെഡ്‌വാഡറായ വടകരയിലെ ഉണ്ണിനമ്പ്യാര്, 'മദിരാശിയിൽനിന്നു പാർസൽ വന്നതാണ്'' എന്ന മുഖവുരയോടുകൂടി നാലുറാത്തൽ കെട്ടു പരുത്തിത്തിരി എനിക്കുകൊണ്ടുവന്നു തരികയുണ്ടായി. ആ ജെയിലിൽ പുറമെനിന്നു ഒരു തടവുകാരന്നു ഔദ്യോഗികമായി കിട്ടിയ ആദ്യത്തെ സാധനമായിരുന്നു ആ പരുത്തിക്കെട്ടു എന്നുകൂടി കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ! എന്റെ ഏകപുത്രന്റെ മരണം മിസ്റ്റർ ഹൌവിൽ വരുത്തിവെച്ച നേരിയ അനുകമ്പയുടെ ഒരു നിഴലാട്ടമായിരിക്കാം ഈ ഭൃതദയാപ്രകടനത്തിന്നു കാരണം. തെല്ലൊരാശ്വാസത്തോടെ, ചുററും തിക്കിത്തിരക്കിക്കൂടിയ സുഹൃത്തുക്കളുടെ സഹായത്തോടുകൂടി, ചിന്നിയുലന്ന പരുത്തിത്തിരിയോരോന്നും കൂട്ടിവെച്ചു അമത്തിക്കെട്ടാൻ ആഞ്ഞുവെക്കുന്നതിന്നിടയിൽ ഒരു തിരി കൂടുതൽ വണ്ണവും കട്ടിയും ഉള്ളതായിക്കണ്ടു. നോക്കിയപ്പോൾ അതിന്നുള്ളിൽ കടലാസ്സുപെൻസിലിന്റെ മാതിരി ഒരു കടലാസ്സുചുരുളും കാണപ്പെട്ടു. അതൊരെഴുത്തായിരുന്നു! അതു്, അങ്ങിനെ ഗവർമെന്റ് ഭക്തന്മാർ കണ്ടുപിടിച്ചിരുന്നെങ്കിൽ അതിന്റെ ഉല്പത്തിസ്ഥാനംതന്നെ ക്രിമിനൽ പുള്ളിയായിത്തീരുമാറു, അയച്ചതു, 'നിങ്ങളുടെ സ്വന്തം ചേലനാട്'' ആയിരുന്നു! എന്റെ സ്മരണമണ്ഡലത്തിൽ, എന്റെ സ്നേഹിതൻ താമരശ്ശേരി ഭട്ടതിരിക്കു ഗുരുവായൂരമ്പലത്തിലെ പുതിയ പൊന്നിൻ കൊടിമരംപോലെ വിശ്വാസസങ്കേതവും, ആത്മീയജീവിതം നയിക്കുന്ന കന്യാസ്ത്രീകൾക്ക് അവരുടെ ജപമാലയിലെ കുരിശെന്നപോലെ ആശ്വാസകേന്ദ്രവുമായി, കുറവും തികവും ഇണങ്ങി, സ്നേഹത്തിന്റെയും സൌമനസ്യത്തിന്റെയും തിങ്കൾക്കതിരുകളെമ്പാടും വീശിക്കൊണ്ടു എഴുന്നരുളുകയാണു ചേലനാട്ട് അച്യുതമേനോൻ.

ഇപ്പോൾ സ്മരണയിൽമാത്രം കാണാറാകുന്ന ആ പുണ്യചരിതന്റെ അമ്പത്താറുകൊല്ലത്തെ ദീർഘേതരമായ ജീവിതത്തെക്കുറിച്ചു ഞാനൊന്നും

പറയുന്നില്ല; പ്രാപ്തിയും അർഹതയും ഉള്ളവർ അതു നിർവ്വഹിച്ചുകൊള്ളട്ടെ. 1926 ജൂലായിമാസം മുതൽ മരിക്കുന്നതുവരെയിലും അദ്ദേഹത്തിന്റെ ഒരു വിനീതശിഷ്യൻ എന്ന നിലയിൽ എനിക്കു ആ മഹിതവ്യക്തിയിൽ കാണാൻകഴിഞ്ഞ സ്വഭാവവിശേഷതകളെ ചുരുക്കത്തിൽ കുറിക്കുവാൻമാത്രമെ ഞാൻ ഇവിടെ തുനിയുന്നുള്ളു.

സമഭാവന—ഗിരിനിർഝരഘോഷംപോലെ അനുസ്യൂതമായി കേട്ടുവരാറുണ്ടെങ്കിലും, അനുഭവത്തിൽ അത്യപരിചിതമായ ആ ഭാവവിശേഷം—ഇത്രയേറെ ജീവിതത്തിൽ പകർത്തീട്ടുള്ള ഒരു വ്യക്തി കേരളീയരിൽ ഈ നൂററാണ്ടിൽ ഉണ്ടായിരുന്നിട്ടുണ്ടൊ എന്നു സംശയമാണ്. സമഭാവനയുടെ ഉടലെടുപ്പുതന്നെയാകുന്നു അച്യുതമേനോൻ. 'ഗൌരവമായ പെരുമാററം' എന്ന അദൃശ്യമായ താക്കീതു തലകനപ്പിക്കുന്ന യൂനിവേർസിററി മലയാളവകുപ്പദ്ധ്യക്ഷന്റെ ആപ്പീസ് മുറിയിൽപോലും, സമഭാവനയുടെ പൂനിലാവു പൊഴിച്ചുംകൊണ്ടേ ആ പരമദയാലു ഉദ്യോഗപീഠത്തിലിരുന്നുള്ളു. അവിടെച്ചെന്നു കയറാനും, അദ്ദേഹത്തെക്കണ്ടു കാര്യം പറയാനും തടസ്സങ്ങളുടെ കാവലൊ, സന്ദർശനക്കുറിപ്പിന്റെ ആവശ്യമൊ ഉണ്ടായിരുന്നില്ല. സംഭാവന പിരിക്കാനും, പ്രസംഗത്തിനു ക്ഷണിക്കാനും, മുട്ടിയേടത്ത് രണ്ടോ നാലൊ, വീട്ടിത്തീർക്കേണമെന്നു ഇരുകക്ഷിയും വിചാരിച്ചിട്ടില്ലാത്ത, കടംകൊള്ളാനും, കുഞ്ഞുകുട്ടി കുഡുംബങ്ങളുടെ സുഖദുഃഖങ്ങളെപ്പററി വിസ്തരിക്കാനും, പഴയപാട്ടുകൾ പാടാനും, കഥകളിക്കിരീടത്തിനുവേണ്ടി 'വണ്ടോട്ട്' എവിടെക്കിട്ടുമെന്നന്വേഷിക്കാനും, ഭാഷാപദങ്ങളുടെ ചരിത്രത്തെപ്പററി തർക്കിക്കാനും, മതിന്നു വരുന്ന പുത്രിമാരുടെ ജാതകങ്ങളെപ്പററി നിരൂപണം ചെയ്യാനും, ഉറുമിയുടെ നീളത്തേയും, പരിചയുടെ വട്ടത്തേയും നിർണ്ണയിക്കാനും, മററം, മററം, അദ്ദേഹം ആ ആപ്പീസുമുറി സല്ക്കാരശാലയാക്കി മാററിയിരുന്നു. എന്നാലും, അവിടെക്കയറിച്ചെന്നു അദ്ദേഹത്തിന്റെ മുമ്പിലിരിക്കുമ്പോൾ ശാന്തസമുദ്രത്തിന്റെ അഗാധതയേയും, എവറസ്റ്റിന്റെ ഔന്നത്യത്തേയും ഞാൻ സ്മരിച്ചിട്ടുണ്ടു. ആ മാംസളവിഗ്രഹത്തിന്റെയും, പരുത്തു പരന്ന ശബ്ദഘോഷത്തിന്റെയും ഉള്ളുതുറന്ന പൊട്ടിച്ചിരിയുടേയും പിന്നിൽ, അണിമയിൽ നിന്നാരംഭിച്ച് മഹിമയുടെ ശിഖരത്തോളം ചെന്നുമുട്ടീട്ടുള്ള അനുഭവസിദ്ധവും ചൈതന്യാത്മകവുമായ ആത്മബോധത്തിന്റെ വളർച്ച കാണുമാറാകും.

എന്റെ മുമ്പിൽ ചുമരിൽ തൂങ്ങിക്കിടക്കുന്ന ആ ചിത്രം 1927 ജനവരിയിൽ പ്രസിഡൻസി കോളേജ് കേരളസമാജത്തിന്റെ വാർഷികസമ്മേളനത്തിൽഅഭിനയിച്ച 'കേരളപുത്ര'നെന്ന നാടകത്തിലെ കഥാപാത്രങ്ങളുടെ ഫോട്ടൊ ആണ്. ഇന്നത്തെ ബാലകൃഷ്ണനു സ്വപ്നം കാണാൻകൂടി സാധിക്കാത്ത സൌന്ദര്യധാമമായ ആ പഴയ ബാലകൃഷ്ണൻ ഭുവനേശ്വരിരാജ്ഞിയുടെ വേഷത്തിൽ ചോളമഹാരാജാവിന്റെ ധർമ്മപത്നിയായി ഇരിക്കുകയാണ്. മഹാരാജ്ഞിയുടെ പിന്നിൽ ഒരു വേത്രവതിയുടെ പദവിയിൽ വലിയ തലക്കെട്ടും, മട്ടുമായി നില്ക്കുന്ന ആളെ നോക്കുക! ചേലനാട്ട് അച്യുതമേനോനാണയാൾ. പ്രസിഡൻസി കോളേജിലെ മലയാളികളുടെ കൂട്ടത്തിൽ ക്വീൻ മേരീസ് കോളേജ് മലയാളം ലക്ചററായ അച്യുതമേനോനു സ്ഥാനത്തിനവകാശമെന്തു? ഉദ്യോഗക്കണക്കിലില്ലായിരിക്കാം; പക്ഷെ, പറയട്ടെ; മദിരാശി നഗരിയിൽ, പരശുവാക്കത്തെ ആനന്ദാധീശ്വരൻകോവിലിന്റെ മുമ്പിലുള്ള പഴയ ഞാടി കൃഷ്ണന്റെ 'വെററിലക്കട' മുതൽ സർ. എം കൃഷ്ണൻനായരുടെ നിയമമന്ത്രിമന്ദിരംവരെയുള്ള പദവികളിൽ അടുക്കടുക്കായി നില്ക്കുന്ന മലയാളികളുടെ നന്മതിന്മകളിൽ, സന്തോഷസന്താപങ്ങളിൽ, ആളും തരവും നോക്കാതെ, സജീവമായി പങ്കെടുത്ത ഒരേ ഒരു മലയാളിയായിരുന്നു അച്യുതമേനോൻ. അനുകരിക്കുവാൻ സുസാധ്യമല്ലാത്ത ആ സമഭാവനയുടെ മുമ്പിൽ പദവിയും പ്രതാപവും പ്രാപ്തിയും തലകുനിക്കട്ടെ!

വിദ്യാവ്യസനം— പാർക്കുവാൻ ഇടം കിട്ടാതെ തെണ്ടിത്തിരിയുന്ന ഒരു തീർത്ഥവാസിയായിരിക്കുകയാണല്ലൊ ഇത് ഇന്നു! വിദ്യകൊണ്ടു വ്യസനിക്കുകയും വ്യസനിപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തിൽ, വിദ്യക്കുവേണ്ടി വ്യസനിക്കുന്ന പ്രയത്നശീലനു സ്ഥാനമൊന്നുമില്ലായിരിക്കാം; അഥവാ, സ്ഥാനത്തിന്നു വിലയും താഴ്ന്നതായി വരാം. എന്നാൽ തരം താണാലും, വിലകെട്ടാലും അറിയേണ്ടതു അറിഞ്ഞേ കഴിയു എന്ന ഉറപ്പിന്നു പ്രത്യേകമായൊരന്തസ്സുണ്ടു. അന്തസ്സററ ഈ ഉറപ്പു അച്യുതമേനവനു ഉൾക്കനം കൂട്ടുകതന്നെ ചെയ്തു. 'മലയാളം പഠിക്കാൻ ഇംഗ്ലണ്ടിൽ പോയി' യെന്നു അദ്ദേഹത്തെ നമ്മളിൽ ചിലർ കളിയാക്കിയ കാലമുണ്ടായിരുന്നു പെററുകിടക്കുന്ന ഭാര്യക്കു മുലപ്പാലില്ലാത്തതുകൊണ്ടു കുട്ടിക്കു കൊടുക്കാൻ യൂറോപ്പിൽനിന്നു വരുന്ന പാല്പൊടി വാങ്ങിയിരുന്നവരാണിങ്ങനെ കളിയാക്കിയതു. ഈ ഘട്ടത്തിൽ, ആദ്യമായി, ശാസ്ത്രീയമായി മലയാളം പഠിച്ചതും, മലയാളഭാഷയിൽ ഒരു നിഘണ്ടു എന്നാൽ എന്തെന്നു എഴുതിക്കാണിച്ചുകൊടുത്തതും ഒരു യൂറോപ്യനായ, ജർമ്മൻ പാതിരിയായ,

ഗുണ്ടർട്ട് പണ്ഡിതനാണെന്നു തൊഴുകൈയ്യോടുകൂടി നാം ഓർക്കേണ്ടിയിരിക്കുന്നു. മലയാളമെന്നു പറഞ്ഞു തമിഴും സംസ്കൃതവും പഠിച്ചിരുന്ന നമ്മെ മലയാളമെന്നാലെന്തെന്നു പഠിപ്പിച്ചതു വിദേശീയരായിരുന്നു. അവരെ അവരുടെ നാട്ടുകാർ ഒരിക്കലും പരിഹാസംകൊണ്ടു പൂജിച്ചിട്ടില്ല. മഹാന്മാരായ ആ ഭാഷാപണ്ഡിതന്മാർ ഇന്ത്യയിലെ ഇതര പ്രദേശങ്ങളിൽ നിന്നെന്നപോലെ കേരളത്തിൽനിന്നും അനേകം വിശിഷ്ടഗ്രന്ഥങ്ങൾ അവരുടെ നാട്ടുകളിലേക്കു കൊണ്ടുപോയിട്ടുണ്ടു. അവയിൽ ഒരു വലിയഭാഗം ഇംഗ്ലണ്ടിലെ മാനുസ്ക്രിപ്റ്റ് ലൈബ്രറികളിലാണുള്ളതു. പരമാർത്ഥത്തിൽ, മലയാണ്മയുടെ വളർച്ചയുടെ പരിപൂർണ്ണമായ ജ്ഞാനം സമ്പാദിക്കാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥി ഇംഗ്ലണ്ടിൽ പോയേ തീരു എന്നു കൂടി വന്നിരിക്കുകയാണിപ്പോൾ. വിശ്വഭാഷകളിലെ വിഖ്യാതവും വിലയുററതുമായ ഗ്രന്ഥങ്ങൾ സംഭരിച്ചുവെച്ചിട്ടുള്ള ഗ്രന്ഥാലയങ്ങളുമായുള്ള പരിചയം ഭാഷയെ പരിപുഷ്ടമാക്കുവാൻ ഉപകരിക്കുമെന്നു അച്യുതമേനോൻ 'തുഞ്ചത്തെഴുത്തച്ഛനും അദ്ദേഹത്തിന്റെ കാലവും' എന്ന വിശിഷ്ടോപന്യാസം വഴിക്കു തെളിയിക്കുകയാണ് ചെയ്തിട്ടുള്ളതു്.

അച്യുതമേനവന്റെ സാഹിത്യപരിശ്രമങ്ങളെപ്പററിയെഴുതുകയെന്നതിന്നു തലമറന്നെണ്ണതേക്കുകയെന്നാണർത്ഥം. ആ കണ്ണും കരളും ചെന്നെത്താത്തതൊന്നും ഭാഷയിലും സാഹിത്യത്തിലുമുണ്ടായിട്ടില്ലെന്നു പറയാം. നമ്മുടെ കട്ടികൾ വട്ടത്തിലിരുന്നു കൈപ്പടം കമിഴ്ത്തിവെച്ചു കളിക്കുമ്പോൾ ചൊല്ലാറുള്ള 'അരിപ്പോത്തിരിപ്പോത്തോരണിമങ്ങല'മെന്ന പാട്ട് ഒരിക്കൽ ഞങ്ങളുടെ സംഭാഷണവിഷയമായിരുന്നപ്പോൾ അതിന്റെ പത്തുപതിനാറു പാഠഭേദങ്ങൾ അദ്ദേഹം എടുത്തുകാട്ടുകയുണ്ടായി. നിസ്സാരകാര്യങ്ങളിൽപോലും അദ്ദേഹത്തിന്റെ വിദഗ്ദ്ധാന്വേഷണം എത്രത്തോളം ചെന്നുകയറാറുണ്ടെന്നതിന്നൊരുദാഹരമാണിതു്. ആർക്കും മനസ്സിലാകത്തക്കവണ്ണം ലളിതവും, സുന്ദരവുമായ മൊഴിയിൽ അദ്ദേഹം എഴുതിയ എന്തും കോരിക്കുടിക്കത്തക്കവണ്ണം സമധുരമായിരുന്നു. മലയാണ്മയിൽ ഇങ്ങിനെ പ്രസാദാത്മകമായ രീതിയിൽ എഴുതുവാൻ കഴിഞ്ഞിട്ടുള്ള സാഹിത്യനായകന്മാർ ചന്തുമേനവനും, കേസരിയും, മൂർക്കോത്തു കുമാരനും മാത്രമായിരുന്നുവെന്നാണെന്റെ അഭിപ്രായം. 'കേരളത്തിലെ കാളീസേവ' എന്ന ആ വലിയ ഗ്രന്ഥം കേരളത്തിലെ പുരാതനജനസമൂഹത്തിന്റെ സാമുദായികവും, ആത്മീയവുമായ വളർച്ചയെ സസൂക്ഷ്മം അപഗ്രഥിച്ചു കാണിക്കുന്ന ഒരു വിജ്ഞാനകോശമായിരുന്നിട്ടും, അതിന്റെ പ്രതിപാദന സമ്പ്രദായത്തിന്റെ ലാവണ്യംനിമിത്തം ഉള്ളടക്കത്തെപ്പററി ശ്രദ്ധിക്കാതെതന്നെ പാരായണം ചെയ്യത്തക്കവണ്ണം മനോരഞ്ജകമായിട്ടുണ്ടെന്നു നിസ്സംശയം പറയാം.

ചേലനാടനെ വടക്കൻ പാട്ടുകാരൻ എന്നു സംബോധനചെയ്താൽ തെല്ലും അയഥാർത്ഥമാകാത്ത തരത്തിൽ മലയാണ്മയിലെ പഴയ പാട്ടുകളും അദ്ദേഹവും തമ്മിൽ അഭേദ്യവും സമഞ്ജസവുമായ ഒരു ബന്ധമുണ്ടായിരുന്നുവെന്നു നമുക്കറിവുള്ള കാര്യമാണല്ലൊ. കേരളീയ സംസ്കാരത്തിൽ കലർപ്പില്ലാത്ത ദേശീയമായിരുന്ന കാര്യങ്ങളുടെ പൊരുളും ഇമ്പവും അറിയാൻ സാധിച്ചതുമൂലം, പഴമയിലെ ചെപ്പേടുകൾ പലതും അദ്ദേഹത്തിന്റെ സൂക്ഷ്മപരിശോധനയ്ക്കും ദൃഢപരിചയത്തിന്നും വിഷയീഭവിച്ചു. തന്നിമിത്തം, ഭാഷയുടേയും സാഹിത്യത്തിന്റെയും അനേകമനേകം നിഗൂഢഭാവങ്ങളേയും ഭാവനകളേയുംവെളിപ്പെടുത്തുവാൻ അദ്ദേഹത്തിന്നു കഴിവുണ്ടാവുകയും ചെയ്തു. 'വടക്കൻ പാട്ടുകൾ'എന്ന ബൃഹൽഗ്രന്ഥത്തിന്റെ പ്രഥമഭാഗം ഇതിന്നൊരുദാഹണമാണ്. മലയാണ്മയിലെ പഴയപാട്ടുകളിൽ എ[illegible]ിക്കുണ്ടെന്നുവെച്ചിട്ടുള്ള അഭിരുചിയുടേയും അന്വേഷണകൌതുകത്തിന്റെയും കാരണഭൂതൻ അച്യുതമേനവനാണെന്നു ആവർത്തിച്ചാവർത്തിച്ചു ഏററുപറയുവാൻ ഈ സന്ദർഭവും ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

“മാടായിത്തിരുച്ചെങ്ങഴുലോത്തെ
മാണിക്കത്തമ്പാട്ടി പൂവിരന്നൂ;
പൂവിരന്നമ്മേയമ്മാണിക്കത്തമ്പാട്ടി
പൂക്കൈനിറയെ ഞാൻ പൂക്കൊടുത്തു!
പൂനിറം കണ്ടിട്ടൊ പൂച്ചന്തം കണ്ടിട്ടൊ
എന്തമ്മേ തമ്പാട്ടി പൂവിരന്നൂ?
പൂച്ചന്തംകൊണ്ടല്ല പൂനിറംകൊണ്ടല്ല
പൂമണമേററിട്ടു പൂവിരന്നൂ!”

എന്ന ചെറിയ പഴമ്പാട്ട് ഞാൻ ആദ്യമായി അദ്ദേഹത്തെ പാടിക്കേൾപ്പിച്ചപ്പോൾ 'പൂപ്പാട്ടുകളുടെ നൃർജിഹാനാണല്ലോയിതു്” എന്നും പുകഴ്ത്തി, ഞാൻ പാടിയതുപോലെ പഠിച്ചു ചൊല്ലിയതു ഞാനിപ്പോളോർമ്മിക്കുന്നു. എനിക്കപ്പപ്പോഴായി കിട്ടുന്ന പഴയ പാട്ടോരോന്നും അദ്ദേഹത്തിന്നയച്ചുകൊടുത്താൽ മാത്രമെ മനസ്സമാധാനമുണ്ടാകാറുള്ളൂ. നമ്മുടെ ആ പഴയ പാട്ടുകൾ കേൾക്കാനും, പാടാനും, രുചിക്കാനും മലയാളിയായിട്ടിനിയാരുണ്ടു്?

അച്യുതമേനോൻ പണ്ഡിതനാണോ? ഈ ചോദ്യം ചോദിക്കുന്നവരേയും, അതിന്നുത്തരം കണ്ടുപിടിക്കാൻ പരിശ്രമിക്കുന്നവരേയും ഞാൻ ധാരാളമായി കണ്ടിട്ടുണ്ട്. 'എന്തോ' എന്ന സംശയാത്മാക്കളായി കൈമലർത്തുന്നവരും,'ഓഹോ' എന്ന സർവ്വസംശയഛേദിയായധ്വനികാരന്മാരും ആ കൂട്ടത്തിലുണ്ട്. അദ്ദേഹത്തിന്നുസംസ്കൃതം നന്നായറിയുമെന്നു നമുക്കറിയും. ഇംഗ്ലീഷിലുള്ള പരിജ്ഞാനത്തിന്നും പ്രയോഗപാടവത്തിന്നും, 'എഴുത്തച്ഛനും അദ്ദേഹത്തിന്റെ കാലവും' എന്ന ഇംഗ്ലീഷുപന്യാസം കൊടിക്കൂറയായി പരിശോഭിക്കുന്നു. മലയാളഭാഷാസാഹിത്യപരമായി അദ്ദേഹത്തിന്റെ പ്രവർത്തനമോരോന്നും ഓരോ മാതൃകാകൃതിയാണ്. ഇതുയൊക്കെയായിട്ടും, 'ആരെന്തൊക്കെപ്പറഞ്ഞാലും' എന്ന മുഖവുരയോടുകൂടി അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെപ്പററി നിരൂപിക്കാൻ പറപ്പെടുന്നവരെക്കുറിച്ചു, വിനയാന്വിതം ഞാൻ പറഞ്ഞുകൊള്ളട്ടെ, എനിക്കു അവജ്ഞയാണുള്ളത്. മലയാളഭാഷയിലെ പ്രാക്തനവും നൂതനവുമായ വസ്തുതകൾ അഖിലവും അദ്ദേഹത്തിന്റെ ബുദ്ധിയിൽ പളുങ്കുമാലകൾ പോലെ സുവ്യക്തങ്ങളായി വിളങ്ങിയിരുന്നു. 'സ്ഫോടസിദ്ധി' എന്ന സംസ്കൃതഗ്രന്ഥത്തിന്റെ പഴയ ഭാഷാടീകയിൽ ഒരിടത്ത് 'കറവ്' എന്നും 'തികല്' എന്നും രണ്ടു പദങ്ങൾ എനിക്കു ഒരിക്കൽ കാണ്മാൻ സംഗതിവന്നു. ആ രണ്ടു പദങ്ങളും വെള്ളാരങ്കല്ലുപോലെ കടിച്ചാൽ പൊട്ടാതെ കുറെക്കാലം അങ്ങിനെ മനസ്സിൽ തങ്ങി എന്നെ പൊറുതിമുട്ടിച്ചു. ആയിടയ്ക്കു മദിരാശിയിൽചെന്ന അവസരത്തിൽ അച്യുതമേനവനെ കാണുകയും, മററുകാര്യങ്ങളുടെ കൂട്ടത്തിൽ ഈ പദങ്ങളെ മുമ്പിൽ എഴുന്നള്ളിക്കുകയും ചെയ്തു. യാതൊരു സംശയവും താമസവുമില്ലാതെ 'കറവ്' എന്നാൽ മാഹാത്മ്യം എന്നും 'തികല്' എന്നതിന്നു പ്രകാശം എന്നും അർത്ഥം പറഞ്ഞു. ആ വാക്കുകളുടെ ചരിത്രം, അവയുടെ വിപരീതരൂപങ്ങളായ 'കുറവു്', നികല് (നിഴല്) എന്ന പദങ്ങൾ പ്രായോഗികഭാഷയിൽ നിലനില്ക്കവെ പൂർവ്വപദങ്ങൾ പ്രചാരലുപ്തമാവാനുള്ള കാരണമടക്കം, സവിസ്തരം പ്രതിപാദിക്കുകയുമുണ്ടായി. ആ അത്യഗാധവും വിപുലവുമായ പാണ്ഡിത്യത്തിന്നു മാററുകൂട്ടുന്ന തരത്തിലായിരുന്നു പാണ്ഡിത്യപ്രകടനത്തോടു അദ്ദേഹം പ്രദർശിപ്പിച്ച പക്ഷപാതം. തൊഴിൽ, പണി, വേല, എന്നീ ഭാഷാപദങ്ങൾ ഒരേ അർത്ഥത്തെക്കുറിക്കുന്ന ശബ്ദങ്ങളല്ലെന്നും, അതോരോന്നും ഓരോ സാങ്കേതികാർത്ഥത്തിലുള്ള പദമാണെന്നും യുക്തിസഹജമായ വിചാരംകൊണ്ടു് ഞാനൊരിക്കൽ വകതിരിച്ചു കാണിച്ചതിനെ അദ്ദേഹം പുകഴ്ത്തിയതിനു കണക്കുണ്ടായിരുന്നില്ല.

കേരളത്തേയും, മലയാളികളേയും സംബന്ധിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും അച്യുതമേനോനുണ്ടായിരുന്ന പരിപക്വമായ പരിജ്ഞാനം അത്ഭുതാവഹമായിരുന്നു. ലോകത്തിലുള്ള വിജ്ഞാനം മുഴുവനും തനിക്കു ബുദ്ധിഗോചരമാകുന്നതു ഇംഗ്ലീഷിൽകൂടിയായിരിക്കണമേയെന്നു ഒരു ഇംഗ്ലീഷുകാരൻ ആഗ്രഹിച്ചിരുന്നുവത്രേ! ഇതേ ആശപല തവണയും അച്യുതമേനോൻ വെളിപ്പെടുത്തിട്ടുണ്ടു. ഈ ആശയ്ക്കു കാരണമായ ഭാഷാഭിമാനം, മാതൃഭാഷാദേവതയുടെ തിരുമാറിൽ കമനീയതമങ്ങളായ അനേകം അനർഘഹാരങ്ങൾ അർപ്പിക്കുവാൻ അദ്ദേഹത്തിന്നു ഒരു ശക്തിവിശേഷമായിത്തീർന്നു.

വദാന്യനായ അച്യുതമേനോൻ തപസ്സുചെയ്തു സിദ്ധിവരുത്തിയ ഭാഷാപ്രേമവും, മാതൃഭക്തിയും നമ്മുടെയെല്ലാം ഭാഷാസാഹിത്യസേവനാദ്ധ്വാവിൽ സ്തംഭവിളക്കും തണ്ണീർപന്തലും ആകട്ടെ!

———:o:———

"വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോ$ \mathit{f} $പരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹീ."

> "കൂടുതൽ സുന്ദരമായ ഒരു സമുദായത്തിന്റെ ഉയിർത്തെഴുന്നേല്പിന്ന് ബോധപൂർവ്വം പ്രവർത്തിക്കുന്ന മനുഷ്യവ്യക്തികളെയാണ് നാം ആവശ്യപ്പെടുന്നതു്. അതു് സാധ്യമാകത്തക്കവണ്ണം വിദ്യാഭ്യാസം പരിഷ്കരിക്കണമെങ്കിൽ, സമുദായത്തെ ശാസ്ത്രീയമായി പ്ലാൻചെയ്തു് പുനസ്സംഘടിപ്പിക്കുന്നതിന്നുള്ള അടിത്തറ ഒപ്പംതന്നെ നിർമ്മിക്കേണ്ടിയിരിക്കുന്നു."

# വിദ്യാഭ്യാസപരിഷ്കർത്താവിന്ന് ഒരു പ്രത്യക്ഷപത്രം

Sri. I. M. VELAYUDHAN, B. A.,

ശ്രീമൻ, താങ്കളുടെ പേരൊ മേൽവിലാസമൊ എനിക്കറിയുകയില്ല. എങ്കിലും താങ്കൾ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കേണമെന്നുവെച്ച് ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണല്ലൊ. അപ്പോൾ നിലവിലുള്ള സമ്പ്രദായത്തിൽ സാരമായ തകരാറുണ്ടെന്നാണ് താങ്കളുടെപക്ഷം. എന്തായിരിക്കാം ആ തകരാറ്? കാലികമായ സാമൂഹ്യജീവിതത്തിന്നതു് ഇണങ്ങിയതല്ല എന്നതായിരിക്കാം. ശരിയാണ്, വിദ്യാഭ്യാസം സമുദായത്തിന്റെ ആവശ്യങ്ങൾക്കനുഗുണമാകണം. അങ്ങിനെ പറയാറുണ്ട് മഹാന്മാർ പലരും. അപ്പോൾ ഇന്നത്തെ സാമൂഹ്യജീവിതത്തിന്റെ വേലിയേററങ്ങളുമായി സമരസപ്പെടത്തക്കവണ്ണം താങ്കൾ വിദ്യാഭ്യാസത്തെ പരിഷ്കരിക്കാൻ പോകയാണ്. കൊള്ളാം.

എങ്കിലും ഒരു സംശയം: പരിഷ്കാരത്തിന്റെ മാനദണ്ഡം 'ഇന്നത്തെ സാമൂഹ്യജീവിത'മാക്കുകയാണൊ യുക്തം? 'നാളത്തെ സാമൂഹ്യജീവിതം' എങ്ങിനെയിരിക്കണമെന്നതിനെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കുകയല്ലെ കൂടുതൽ ബുദ്ധിപൂർവ്വം? സമുദായം നിരന്തരമായ പരിവർത്തനത്തിന്നു് വിധേയമാണെന്നു് സുവിദിതമാണല്ലൊ. ആ പരിവർത്തനപ്രവാഹത്തിൽ നിശ്ചേഷ്ടരായി ഒലിച്ചുപോകുന്ന പൊങ്ങുതടികളെയല്ലല്ലൊ നമുക്കാവശ്യം; മറിച്ച് സമുദായത്തെ കൂടുതൽ സുഖകരമായ തരത്തിൽ കരുപ്പിടിക്കുവാൻ ബോധപൂർവ്വം പ്രവർത്തിക്കുന്ന മനുഷ്യവ്യക്തികളെയല്ലെ? കൂടാതെ, ഇന്നത്തെ സാമൂഹ്യജീവിതം!—ഛായ്, എന്തൊരു ജീവിതമാണതു്! അതു് മാററത്തിന്നു് മുറവിളി കൂട്ടുകയാണ്. ആ മുറവിളിയുടെ മാറെറാലി മാത്രമല്ലെ താങ്കൾ വിദ്യാഭ്യാസരംഗത്തിൽ നിന്നു കേൾക്കുന്നതു്?

അങ്ങിനെയാണെങ്കിൽ താങ്കളുടെ പ്രവൃത്തി അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. അദ്ധ്യയനവിഷയങ്ങൾ 'നിർമ്മാണക്ഷമങ്ങളാക്കിയതുകൊണ്ടൊ അദ്ധ്യാപനരീതി മനശ്ശാസ്ത്രതത്വങ്ങളുടെ (അവയുംതന്നെ സ്വരച്ചേർച്ചയില്ല!) വെളിച്ചത്തിൽ പൊളിച്ചെഴുതിയതുകൊണ്ടൊ പ്രശ്നത്തിന്നു പരിഹാരമാകുകയില്ല. പരിഷ്കൃത വിദ്യാഭ്യാസസമ്പ്രദായം നിലവിലുള്ള പാശ്ചാത്യരാജ്യങ്ങളെപ്പററി ഡോക്ടർ അലെക്സിസ് കാരൽ പറയുന്നതു നോക്കുക: "സ്കൂളുകളിലും, കോളേജുകളിലും, സർവ്വകലാശാലകളിലും ഒന്നാംതരം പരിശീലനം നൽകിയിട്ടും ബുദ്ധിശൂന്യത വർദ്ധിച്ച് വർദ്ധിച്ച് സാർവ്വത്രികവും സാധാരണവുമായി വരികയാണ്." * മാത്രമൊ? നമ്മുടെ വിദ്യാർത്ഥിലോകത്തെ ഒന്നു നോക്കുക! ഒരു കാര്യത്തിൽ അവർക്കു നല്ല ഐക്യമുണ്ട്—ശാരീരികവും മാനസികവും ധാർമ്മികവുമായ ദൌർബ്ബല്യത്തിൽ. എന്തൊരു ഡംഭാണവർക്ക്; പക്ഷെ ആത്മവിശ്വാസം അശേഷമില്ല! നല്ല തടിയുള്ള പലരേയും കാണാം; എന്നാൽ നാലടി നടന്നാൽ മതി, കിതച്ചുപോകും? അനിയന്ത്രിതവും അനാരോഗ്യകരവുമായ ലൈംഗികവികാരങ്ങൾ വൃത്തികെട്ട പ്രവൃത്തികൾ മുഖേന സംതൃപ്തിനേടുന്നു! ഉന്മാദവും ചിത്തഭ്രമവും അപൂർവ്വമല്ല. സ്ത്രീപുരുഷവ്യത്യാസം ഉടുപ്പിലല്ലാതെ പലപ്പോഴും സ്വഭാവത്തിലൊ പെരുമാററത്തിലൊ കാണാറില്ല. ഇതൊക്കെ മനുഷ്യ

---

* Dr. Alexis Carrel—"Man, the unknown."

വർഗ്ഗത്തിൻെറ ക്രമമായ അധഃപതനത്തെയല്ലെ കാണിക്കുന്നത്? * ഈ സ്ഥിതിവിശേഷത്തിന്ന് പരിഹാരം കാണാതെ ആരോഗ്യകരമായ വിദ്യാഭ്യാസപ്രവൎത്തനം സാദ്ധ്യമാണെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ?

വിശ്വവ്യാപകമായ പ്രസ്തുത അധഃപതനോന്മുഖതയ്ക്ക് ബെർനാഡ്ഷാ പറയുന്ന കാരണം, "എന്തുതന്നെ വന്നാലും പണക്കാരനാകണമെന്ന പുരുഷൻെറ വ്രതവും എങ്ങിനെയെങ്കിലും വിവാഹിതയാകണമെന്ന സ്ത്രീയുടെ വാശിയും" 1 ആണ്. മനുഷ്യൻെറ ഭീരുത്വവും സ്വാൎത്ഥതയും പ്രകൃതിയുടെ പരിണാമനിയമത്തെ (Natural Selection) പരാജയപ്പെടുത്തിയതിൻെറ ശിക്ഷയാണിതെന്നും അദ്ദേഹം ആക്ഷേപിക്കുന്നു. ശാസ്ത്രത്തിൻെറ ശ്രദ്ധ അടിയന്തരമായി പതിയേണ്ട ഒരു പ്രശ്നമാണിത്; നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും. കാരണം ജനസംഖ്യയുടെ ആശാസ്യമല്ലാത്ത വദ്ധനവ് നമ്മുടെ കുട്ടികളുടെ വൈകാരികമായ വിക്ഷോഭത്തിന്നും കായികമായ ബലഹീനതയ്ക്കും കാര്യമായി സഹായിക്കുന്നുണ്ട്. അതുകൊണ്ട് താങ്കളുടെ പരിഷ്കൃതവിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഫലപ്രദമാകണമെങ്കിൽ സന്താനോല്പാദനം ശാസ്ത്രീയമായി നിയന്ത്രിക്കപ്പെട്ടുന്ന ഒരു സമുദായം ആവശ്യമല്ലെ?

നാം നമ്മുടെ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നു; അവരോട് വായിക്കണമെന്നു ഉപദേശിക്കുന്നു. പക്ഷെ, അവരെന്താണ് വായിക്കുന്നത്? അവൎക്കു വായിക്കാൻ കൊള്ളാവുന്ന, വായിച്ചാൽ മനസ്സിലാകുന്ന, പുസ്തകങ്ങൾ നൽകുന്നതിൽ നാം ശ്രദ്ധിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ കുട്ടികളോട് ഇത്ര കടുത്ത അനീതി ചെയ്യുന്ന ഒരു രാജ്യം കേരളത്തെപ്പോലെ ഉണ്ടൊ എന്നു സംശയമാണ്. കുട്ടികളുടെ ശാരീരികമായ വളൎച്ചയ്ക്കാവശ്യമായ ഭക്ഷണവും, ശീതാതപനിവാരണത്തിന്നുതകുന്ന വസ്ത്രങ്ങളും കൊടുത്തുകഴിഞ്ഞാൽ രക്ഷിതാക്കളുടെ ചുമതല ഏറെക്കുറെ കഴിഞ്ഞെന്നാണ് ഭാവം. പോരെങ്കിൽ അഞ്ചു വയസ്സായാൽ ഏതെങ്കിലും അടുത്തുള്ള ഒരു പള്ളിക്കൂടത്തിലേക്ക് പ്രഹരിച്ചോ പ്രലോഭിപ്പിച്ചോ പറഞ്ഞയച്ചേക്കണം. അപ്പോൾ

"മാതാ ശത്രുഃ പിതാ വൈരീ
യേന ബാലോ ന പാഠിതഃ"

എന്ന ചാണക്യനീതിയെ മാനിക്കുകയും ചെയ്തു വല്ലൊ! അവരുടെ മാനസികവികാസത്തിന്ന്, ബുദ്ധിയുടെ വളൎച്ചയ്ക്ക്, നാമെന്തു ഭക്ഷണമാണ് നൻകുന്നത്? കുട്ടികൾ അവരുടെ ജ്ഞാനസമ്പാദനതൃഷ്ണ ശമിപ്പിക്കുന്നത് ഉത്തരവാദിത്വചിന്തയില്ലാതെ, ലാഭേച്ഛയെ മാത്രം അടിസ്ഥാനപ്പെടുത്തി, പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന സിനിമാമാസികകൾവഴിക്കും മററ വൃത്തികെട്ട വാരികകൾ മുഖേനയുമാണെന്ന് താങ്കൾ മനസ്സിലാക്കണം. അപ്പോൾ അവരുടെ ബുദ്ധിപരമായ സമനില തെററിപ്പോകുന്നതിൽ ആരെയാണ് കുററപ്പെടുത്തേണ്ടത്? നമ്മുടെ ഭാഷയിൽ, ഇതരപരിഷ്കൃതഭാഷകളിലുള്ളതുപോലെ, കുട്ടികൾക്കു ഒരു സാഹിത്യശാഖ അടിയന്തരമായി വളൎന്നുവരേണ്ടിയിരിക്കുന്നു. ഇതുപോലെത്തന്നെ സ്കൂളില്ലാത്ത സമയങ്ങളിൽ കൂട്ടായൊ ഒററയ്ക്കൊ സ്വച്ഛന്ദം കളിച്ചുല്ലസിക്കുന്നതിന്നുള്ള സൌകര്യം ഓരോ ഗ്രാമത്തിലും കുട്ടികൾക്കുണ്ടാക്കിക്കൊടുക്കാൻ താങ്കൾ ശ്രദ്ധിച്ചില്ലെങ്കിൽ, താങ്കളുടെ പരിഷ്കരണ പരിപാടി തീരെ അപൂൎണ്ണമായിരിക്കും; അക്കാരത്താൽതന്നെ അത് പരാജയപ്പെടുകയും ചെയ്യും.

'സത്യംവദ, ധൎമ്മംചര' എന്ന നീതിവാക്യത്തെ സാധൂകരിക്കുന്ന കഥകളും ചരിത്രസംഭവങ്ങളും കവിതകളും മാത്രം പാഠപുസ്തകമാക്കി തിരഞ്ഞെടുക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. എന്നിട്ടും അസത്യവും അധൎമ്മവുമാണിന്നത്തെ സമുദായമദ്ധ്യത്തിൽ 'തേർവാഴ്ച' നടത്തുന്നത്. രാഷ്ട്രീയവൃത്തങ്ങളിലെ അധികാരമോഹത്തെ നാം അപലപിക്കുന്നു; അധികൃതരുടെ അഴിമതികളെ നാം ആക്ഷേപിക്കുന്നു. എന്നിട്ട് നമ്മുടെ ദൈനംദിന കൊള്ളൽ കൊടുക്കലുകളിൽ നാം ദീക്ഷിക്കുന്ന മര്യാദ കേവലം കടൽക്കള്ളൻേറതത്രെ. ഒരുദാഹരണം മാത്രം: നമ്മുടെ അയൽവാസിക്ക് നാഴി പാലാവശ്യമുണ്ടെങ്കിൽ, കഴിയുമെങ്കിൽ പകുതി വെള്ളംചേൎത്തു കൊടുക്കാനാണ് നാം ശ്രമിക്കുക. കുരുമുളകിൽ കൃത്രിമം കാണിച്ച് നാം കച്ചവടമര്യാദയ്ക്ക് അഖിലലോക കുപ്രസിദ്ധി ആൎജ്ജിച്ചുകഴിഞ്ഞു!..........ഇതൊക്കെ നമ്മുടെ സമുദായശരീരത്തിൽ നഖശിഖാന്തം പൊട്ടിമുളച്ചിട്ടുള്ള ഭയങ്കര വ്രണങ്ങളിൽ ചിലതിൻെറ ദുർഗന്ധം

* സൎവ്വപ്രവൃത്തികളും യന്ത്രങ്ങൾക്ക് വിട്ടുകൊടുത്ത് മനുഷ്യൻ കയ്യുംകെട്ടിയിരിക്കുന്ന വ്യവസായവൽകൃതരാഷ്ട്രങ്ങളിൽ ഇതിനേക്കാൾ വലിയ അപകടമാണ് ചിന്തകന്മാർ കാണുന്നത്. H. G. Wellsൻെറ Time Machine എന്ന പുസ്തകത്തിലെ Morlocks വൎഗ്ഗത്തിൻെറ വൎണ്ണനയും, Samuel Butlerടെ Erewhon എന്ന പുസ്തകത്തിലെ യന്ത്രങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗവും നോക്കുക. (ഐ. എം. വി.)

1 G. B. Shaw—"Man and Superman"—Preface.

മാത്രമാണ്. ആ വ്രണങ്ങൾ ഉണങ്ങുകയാണാവശ്യം. അതിന്നു വിദ്യാഭ്യാസപരിഷ്കാരമാകുന്ന ഒററമൂലികമതിയോ. അതോ സാരമായ ശസ്ത്രക്രിയതന്നെ വേണ്ടിവരുമൊ എന്ന് താങ്കൾ ചിന്തിക്കേണ്ടതുണ്ട്.

സോക്രട്ടീസ് തുടങ്ങി ഗാന്ധിജി വരെയുള്ള സമുദായപരിഷ്കർത്താക്കളുടെ പരിശ്രമങ്ങളെയഖിലം പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പിശാചുണ്ട്—പട്ടിണി. അതു താങ്കളേയും വെറുതെ വിടുമെന്നെനിക്കു തോന്നുന്നില്ല. ജൂലിയൻ ഹക്സിലിയുടെ ഒരു വാക്യത്തിലേക്ക് ഞാൻ താങ്കളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു: "ഇന്ന് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ രണ്ടു ഭേദ്യശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു—ഒന്നു ധനവാനും ദരിദ്രനും തമ്മിലുള്ള ഭയങ്കരമായ സാമ്പത്തികാന്തരത്തിന്റേയും മറേറത് മതസ്ഥാപനങ്ങളും സമുദായവും തമ്മിലുള്ള ആദർശാന്തരത്തിന്റേയും." * ഇതിൽ ആദ്യത്തെ ശക്തി—ഉള്ളവനും—ഇല്ലാത്തവനും തമ്മിലുള്ള വടംവലി—നമ്മുടെ എല്ലാവിധപ്രശ്നങ്ങളുടേയും അടിയിൽ പ്രവർത്തിക്കുന്നതായിക്കാണാം. ലോകോത്തരചിന്തകരിലൊരാളായ ഡോക്ടർ രാധാകൃഷ്ണൻ പറയുന്നതുപോലെ വിശക്കുന്നവനോട് വേദമോതുന്നത് വിഡ്ഢിത്തം മാത്രമല്ല, അപകടവും കൂടിയാണ്. 'ഉടയോന്റെമേടയിലുണ്ണികൾപഞ്ചാരച്ചോറുപാലടയുണ്ടുറങ്ങിടുമ്പോൾ' ആ 'പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ' 'സ്വന്തം പ്രാണമരുത്ത്' പ്രദാനം ചെയ്യുന്ന പണിയാളന്റെ പിഞ്ചുമക്കൾ കാളുന്ന വയറിനോട് സമാധാനം പറയാൻ 'തോട്ടുവെള്ളം' മുക്കിക്കുടിക്കുന്ന ദുരവസ്ഥ പോക്കുകതന്നെ വേണമെന്ന് രാധാകൃഷ്ണനെപ്പോലുള്ള ബുദ്ധിമാന്മാർ ചൂണ്ടിക്കാണിക്കുന്നത് വെറും ഭൂതദയയുടെ പേരിൽ മാത്രമല്ല, നമ്മുടെ അസ്തിത്വത്തിന്റെ പേരിൽക്കൂടിയാണ്. കാരണം ഞാനും താങ്കളുംമാനിക്കുന്ന ജീവിതമൂല്യങ്ങൾ സാർത്ഥകമാകണമെങ്കിൽ, നമ്മുടെനാട്ടിൽ ആരും പട്ടിണികിടക്കാൻ പാടില്ലെന്നും ആരും അലസരായിരിക്കാൻ പാടില്ലെന്നും നാമനുശാസിക്കേണ്ടിയിരിക്കുന്നു. നിരവധി സാമൂഹ്യദോഷങ്ങൾക്ക് നിദാനം അജ്ഞതയാണെന്ന് താങ്കൾ പറയുമായിരിക്കും. എന്നാൽ അജ്ഞത ദാരിദ്ര്യത്തിന്റെ സൃഷ്ടിയാണെന്ന് താങ്കളോർക്കണം. നമ്മുടെ ജനങ്ങൾ വിജ്ഞാനപ്രചരണത്തിന്നൊരിക്കലും എതിരല്ല. പ്രാഥമികവിദ്യാഭ്യാസമെങ്കിലും സാർവ്വത്രികവും നിർബ്ബന്ധവുമാക്കണമെന്ന് അവർക്കഭിപ്രായമുണ്ട്. എന്നിട്ടും ഉച്ചയ്ക്കൊരു തവി കഞ്ഞി കൊടുക്കുന്ന ഒരു ഹയർഎലിമെന്ററിസ്കൂളിൽ, കഞ്ഞി നിർത്തൽചെയ്തപ്പോൾ ഹാജർ പകുതിയിലേറെ കുറഞ്ഞുപോയത് എനിക്കനുഭവമാണ്. ഇതിനെക്കുറിച്ച് ചിന്തിക്കാതെ പഠിക്കാൻ നിർബ്ബന്ധിക്കുന്നതിലർത്ഥമുണ്ടോ?

അവസാനമായി, തലതിരിഞ്ഞ ഒരുതരം സാമൂഹ്യബോധം നമ്മുടെനാട്ടിൽ വളർത്തിക്കൊണ്ടുവരുവാൻ ഒരു ശ്രമം നടക്കുന്നതിനെയാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ജർമ്മൻ തത്വചിന്തകനായ ഹേഗലിന്റെ 'രാഷ്ട്രമാണ് ഈശ്വരൻ' എന്ന ഫിലോസഫി പല വേഷത്തിലും നമ്മുടെ സമുദായമദ്ധ്യത്തിൽ പ്രചരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ ഫിലോസഫി നാസിജർമ്മനിയുടേയും ഫാസിസ്റ്റ് ഇററലിയുടേയും വിദ്യാഭ്യാസസമ്പ്രദായത്തെ ഒരു കാലത്ത് പൊളിച്ചെഴുതുകയുണ്ടായി. ഇന്നത് കമ്യൂണിസ്റ്റ് റഷ്യയിലെ വിദ്യാഭ്യാസപരിപാടിയുടെ ജീവനാഡിയായി നിലകൊള്ളുന്നു. അതഭികാമ്യമാണൊ എന്ന് താങ്കൾ അവധാനപൂർവ്വം ചിന്തിക്കണം. വ്യക്തികളുടെ 'വക്കും മൂനയും തട്ടിയുരുട്ടി' കൃത്രിമവും വൃത്തിഹീനവുമായ ഒരൈകരൂപ്യം സാധിക്കാനുള്ള യത്നം ചില ആകർഷകമായ പേരിന്നു പിറകിൽ ഇപ്പോൾതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു പരിധിവരെ അതു സാരമില്ല.

രാഷ്ട്രത്തിന്റെ ശക്തി—അത് പലപ്പോഴും ഭീഷണിയിലും അക്രമത്തിലും അധിഷ്ഠിതമാണെങ്കിലും—നിലനിർത്താൻ അതൊരുപക്ഷെ സഹായിച്ചേക്കാം. എന്നാൽ സമുദായത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കുവാൻവേണ്ടി മനുഷ്യവ്യക്തികളെ വെട്ടിച്ചുരുക്കുകയൊ വലിച്ചുനീട്ടുകയൊ ചെയ്യുന്ന പരിപാടികൾ, രാഷ്ട്രത്തിന്റെ നിർബ്ബന്ധമുണ്ടെങ്കിൽക്കൂടി, നടപ്പിൽ വരാതിരിക്കാൻ താങ്കൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ എനിക്കു പറയാനുള്ളതിതാണ്: കൂടുതൽ സുന്ദരമായ ഒരു സമുദായത്തിന്റെ ഉയിർത്തെഴുന്നേല്പിന്നു ബോധപൂർവ്വം പ്രവർത്തിക്കുന്ന വ്യക്തികളെയാണ് നാമാവശ്യപ്പെടുന്നത്. അതു സാദ്ധ്യമാകത്തക്കവണ്ണം വിദ്യാഭ്യാസം പരിഷ്കരിക്കേണമെങ്കിൽ, സമുദായത്തെ ശാസ്ത്രീയമായി പ്ലാൻചെയ്ത് പുനസ്സംഘടിപ്പിക്കുന്നതിനുള്ള അടിത്തറ ഒപ്പംതന്നെ നിർമ്മിക്കേണ്ടിയിരിക്കുന്നു.

ജയ് ഹിന്ദ്.

---

*Julian Huxley—"On Living in a Revolution".

സങ്കല്പമാത്രമായ ഏതോ ഒരജ്ഞാതലോകത്തിലെ ജീവിതവസന്തത്തെ സുരഭിലസുന്ദരമാക്കുവാൻവേണ്ടി ചില കലാതത്ത്വവേദികൾ ക്രോഡീകരിച്ചിട്ടുള്ള ഗഹനങ്ങളും, അവാസ്തവികങ്ങളും, അപ്രായോഗികങ്ങളുമായ വിഡ്ഢിത്തങ്ങളുടെ ശബ്ദകോശമാണ് തത്ത്വജ്ഞാനമെന്ന് പലരും തെററിദ്ധരിച്ചിട്ടുണ്ട്; വാസ്തവം അതല്ല. ജീവിതത്തിന്റെ നിയമസംഹിതയാണ്, 'ജീവിക്കുക' എന്ന കലയാണ്, തത്ത്വജ്ഞാനം.

# തത്ത്വജ്ഞാനത്തെപ്പററി

Sri. C. RAJAGOPALA IYER, B. A.

## തത്ത്വജ്ഞാനം അന്നും ഇന്നും

ഗഹനങ്ങളെങ്കിലും അമൃതനിഷ്യന്ദികളായ ആശയസൂക്തങ്ങളാൽ നിബിഡമാണ് നമ്മുടെ വേദങ്ങളും, ശാസ്ത്രങ്ങളും, പുരാണങ്ങളും മററും. പാരിനുള്ളടിക്കല്ലപാത്തുകണ്ടറിഞ്ഞ യോഗൈകനിരതരും, ഭോഗനിസ്പൃഹരും, പരിത്യാഗൈകദ്രവിണരും, പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രഫലങ്ങൾകൊണ്ടും കെട്ടിമേഞ്ഞവയായ പാഴ്ക്കുടിലുകളിൽ നിവസിച്ചിരുന്നവരും ആയ ഭാരതവഷത്തിലെ പൂവ്വരായ ഋഷീശ്വരന്മാരുടെ അഭിപ്രായതല്ലജങ്ങളും; ജാജ്വല്യമാനമായ ആധുനികശാസ്ത്രത്തിന്റെ വൈദ്യുതവെളിച്ചത്തിൽ തെളിവുകളോടുകൂടിമാത്രം കരതലാമലകംപോലെ ദൃശ്യങ്ങളായ്ക്കാണുന്ന സത്യസ്ഥിതികളെ മനസ്സിലാക്കി വിശ്വസിക്കുന്ന പാശ്ചാത്യരും പൗരസ്ത്യരുമായ അധുനാതനന്മാരും, അവരുടെ സിദ്ധാന്തങ്ങളും ഒടുവിൽ, ഒരേ ലക്ഷ്യത്തിൽത്തന്നെയാണ് എത്തിച്ചേരുന്നത്. ഇന്ന് നവീനാശയരായ പലക്കും തത്ത്വജ്ഞാനം ഒരു യക്ഷികഥയാണ്. അവരുടെ പക്ഷത്തിൽ സങ്കല്പലോകത്തിലെ പക്ഷികളാണ് തത്ത്വജ്ഞാനികൾ.

## ജീവിതത്തിന്റെ നിയമസംഹിത

വാസ്തവതത്ത്വങ്ങളെ ആരായുക, സത്തായിട്ടുള്ള കായ്യങ്ങളെ അനുഷ്ഠിക്കുക എന്നിവയാണ് തത്ത്വജ്ഞാനത്തിന്റെ മുഖ്യോദ്ദേശങ്ങളെന്ന് വോൾട്ടെയർ (Voltaire) സിദ്ധാന്തിയ്ക്കുന്നു. ഒരു തത്ത്വജ്ഞാനിയാകുവാൻ വിപുലങ്ങളായ ചിന്തകൾക്കധീനനായാൽമാത്രം പോരാ, ജ്ഞാനസമ്പാദനോന്മുഖനായാൽ പോരാ, മറിച്ച്, സമ്പാദിതജ്ഞാനത്തിന്റെ ശാസനങ്ങൾക്ക വിധേയനായി വത്തിക്കുവാൻകൂടി പഠിക്കണം. തത്ത്വജ്ഞാനം എന്നതു് ജീവിതത്തിന്റെ നിയമസംഹിതയാണ്. ഓരോ ഘട്ടത്തിലും ഇന്നതു ചെയ്യണമെന്നും, ഇന്നതു ചെയ്യരുതെന്നും അതു അഭിജ്ഞയായ മാതാവിനേപ്പോലെ ചൂണ്ടിക്കാണിക്കുന്നു. പൊള്ളയാണ് ജീവിതമെന്നും, പൊള്ളിപ്പിയ്ക്കുന്ന അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടതു് ഇന്നവിധമാണെന്നും, അവയിൽ തള്ളേണ്ടവയും, കൊള്ളേണ്ടവയും ഇന്നവയെന്നും അതു ഏവരേയും അനുശാസിക്കുന്നു. മനുഷ്യർ തങ്ങളെത്തന്നെ വേദാന്തോപാധികളാൽ സമാശ്വസിപ്പിക്കുന്നുവെന്നു പറയുമ്പോൾ നാം ഗ്രഹിക്കേണ്ടതു് അവർ ബാഹ്യമായ ചില ലോകോക്തികളുച്ചരിയ്ക്കുന്നുവെന്നോ, ഉപദേശഗർഭങ്ങളായ വാചകങ്ങൾകൊണ്ടു് കൈകാര്യംചെയ്യുന്നുവെന്നോ, അവയെ ഹൃദിസ്ഥമാക്കുന്നുവെന്നോ, അന്യവാചകഹൃദയങ്ങളിലേക്ക പകന്നുകൊടുക്കുന്നുവെന്നോ അല്ല, നേരേമറിച്ച് തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി, ഈശ്വരവിശ്വാസത്തോടുകൂടി, ആ രത്നചഷകങ്ങളിലെ അമൃതിനെ പാനംചെയ്യുന്നുവെന്നാണ്. അപ്പോൾ ഒരു കണക്കിനു തത്ത്വജ്ഞാനം നമ്മെ പഠിപ്പിയ്ക്കുന്നതു് വിവേചനമത്രെ.

## 'ജീവിക്കുക' എന്ന കല

മനശ്ശാന്തി ലഭിക്കുവാൻ തത്ത്വജ്ഞാനം ഉപയുക്തമാണെന്നുള്ളതു നിഷ്വിവാദമാണ്. ഒരു കഷകനാകുവാൻ പട്ടണപ്രാന്തങ്ങളിൽനിന്നു പ്രകൃതിമനോഹരമായ നാട്ടിൻപുറങ്ങളിലേക്ക പിൻവാങ്ങുന്നതുപോലെ, ഒരു തത്ത്വജ്ഞാനിയാകുവാൻ

ലോകത്തിൽനിന്നു പിൻവാങ്ങണമെന്നു കൗലി (Cowely) പറയുന്നു. അതായതു, മനുഷ്യലോകത്തിൽനിന്നു് ദൈവലോകത്തേക്കുള്ള പ്രയാണത്തെയാണു തത്വജ്ഞാനമെന്നു അദ്ദേഹം വ്യവഹരിക്കുന്നതു്. തത്വജ്ഞാനത്തിന്റെ ആകത്തുക സമുദായത്തിന്റെ ഉന്നമനത്തിന്നുള്ള സംസ്കാരവും, പ്രകൃതിലാവണ്യത്തിന്റെ പാൽക്കടലിൽനിന്നു മഥനം ചെയ്തെടുക്കപ്പെട്ട ലോകനീതിയുമാണു്. ചുരുക്കത്തിൽ പ്ലൂട്ടാർക് (Plutarch) പറയുന്നതുപോലെ 'തത്വജ്ഞാനമെന്നതു ജീവിക്കുക എന്ന കലയാണു്.'

ഹ്യൂം (Hume) ഏവർക്കും ബോദ്ധ്യമാകത്തക്കവണ്ണം പറയുന്നതു "നിങ്ങൾ തത്വജ്ഞാനിയായിക്കൊള്ളൂ, പക്ഷെ നിങ്ങളുടെ തത്വജ്ഞാനത്തിനിടയിൽ, മനുഷ്യനാണെന്നുള്ള വസ്തുത വിസ്മരിക്കാതിരിക്കൂ!" എന്നാണു്. ഹാംലെറ്റ് ഹൊറേഷ്യോവിനോടു പറയുന്നതു നോക്കുക: "ഭൂമിയിലും, സ്വർഗ്ഗത്തിലും, നിങ്ങളുടെ വേദാന്തത്തിൽ സ്വപ്നം കാണുന്നതിനേക്കാൾ നിരവധി കാര്യങ്ങളുണ്ടു്."

## ഒരു മിത്ഥ്യാബോധം

പലരും തെററിദ്ധരിച്ചിട്ടുണ്ടു, തത്വജ്ഞാനമെന്നു പറഞ്ഞാൽ സങ്കല്പമാത്രമായ ഏതോ ഒര ജ്ഞാതലോകത്തിലെ ജീവിതവസന്തത്തെ സുരഭിലസുന്ദരമാക്കുവാൻവേണ്ടി ചില കലാതത്വവേദികൾ ക്രോഡീകരിച്ചിട്ടുള്ള ഗഹനങ്ങളും, അവാസ്തവികളും അപ്രായോഗികങ്ങളുമായ വിഡ്ഢിത്തങ്ങളുടെ ശബ്ദകോശമാണെന്നു്. തത്വജ്ഞാനം ഭൂതകാലദുരന്തങ്ങളെ ദൂരീകരിക്കുന്നതിലും ഭാവികാലവിപത്തുക്കളെ ഭസ്മീകരിക്കുന്നതിലും വിജയം നേടുന്നു. പക്ഷെ വർത്തമാനകാലാനർത്ഥങ്ങൾ തത്വജ്ഞാനത്തെ അനുസരിക്കുന്നില്ല, അതിക്രമിക്കുന്നു. വൈപരീത്യങ്ങളുടെ ഘർഷണത്തിൽനിന്നു ഊറുവരുന്ന ദുഃഖമാണു തത്വജ്ഞാനം.

ഇക്കാണുന്നതെല്ലാം നശ്വരമാണെന്നല്ല യഥാർത്ഥത്തിൽ തത്വജ്ഞാനം പഠിപ്പിക്കുന്നതു്. മറിച്ചു് ജീവിതായോധനത്തിലെ വിവിധഘട്ടങ്ങളെ തരണം ചെയ്യേണ്ടതു് ഇന്നവിധമാണെന്നത്രെ. പ്രകൃതിയിലെ ഒരു നിത്യസത്യമാണു് നാം ജീവിക്കുന്നുവെന്നുള്ളതു്. പക്ഷെ തത്വജ്ഞാനം ശാസിക്കുന്നതു് നാം നല്ല നിലയിൽ ജീവിക്കണമെന്നാണു്. വാസ്തവം നോക്കുകയാണെങ്കിൽ ജീവിതത്തെക്കാൾ അഭിലഷണീയമായിട്ടുള്ളതാണു് എങ്ങനെ ജീവിക്കണമെന്നുള്ളതു്.

## അറിവിന്റെ അറിവു്

തത്വസംഹിതകളുൾക്കൊള്ളുന്ന തലച്ചോറല്ല, സത്യസാന്ദ്രമായ ഒരു ഹൃദയവും സംസ്കാരസംഭൃതമായ ഒരു കരളുമാണു് തത്വജ്ഞാനിക്കു ആവശ്യമെന്നു നാം കണ്ടുവല്ലോ "അറിവിന്റെ അറിവാ"ണു് തത്വജ്ഞാനമെന്നു പാശ്ചാത്യപൗരസ്ത്യതത്വജ്ഞന്മാർ-പ്രാചീനരും, അർവ്വാചീനരും-ഒന്നുപോലെ വിശ്വസിച്ചും കീർത്തിച്ചും പോന്നിരുന്നു; പലരും ഇന്നു വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ മൂഢതയുടെ അടിയറവത്രെ തത്വജ്ഞാനം അല്ലെങ്കിൽ കാൻററി (Kant) ന്റെ ഭാഷയിൽ പറയുകയാണെങ്കിൽ "നമ്മുടെ പരിജ്ഞാനത്തിന്റെ പരിമിതികളുടെ പരിജ്ഞാനമാണു് തത്വജ്ഞാനമെന്നതു്."

## സത്യാന്വേഷണശാസ്ത്രം

അഹന്തയെ വിസ്മരിക്കുകയാണു് ഒരു വേദാന്തി ഒന്നാമതായി ചെയ്യേണ്ടതു്. ബാഹ്യത്തിൽ മാത്രം ശ്രദ്ധിക്കുന്നവർക്കു് തത്വജ്ഞാനഫലങ്ങളെക്കുറിച്ചു് സംശയം തോന്നുക സ്വാഭാവികമാണു്. പക്ഷെ ശരിയായി നിരീക്ഷണപരീക്ഷണങ്ങൾ നടത്തുന്നതായാൽ തെററുധാരണകളെ നിർമ്മാർജ്ജനം ചെയ്യാമെന്നു് ബേക്കൺ (Bacon) അഭിപ്രായപ്പെടുന്നു. തത്വജ്ഞാനത്തിലെ തത്വം സത്യമാണെന്നും. മതത്തിന്റെ തത്വം ജീവിതമാണെന്നും പീററർ ബെയിൻ (Peter Bayne) വാദിക്കുന്നു. അരിസ്റ്റോട്ടലി (Aristotle) ന്റെ കാലം തൊട്ടു സർ വില്യം ഹാമിൽററൺ (Sir William Hamilton) വരെ വേദാന്തികൾ അംഗീകരിച്ചിരിക്കുന്ന ഒരു തത്വമാണു "സത്യം സമാദർയ്യപ്പെടുമ്പോൾ വേദാന്തം അസ്തമിക്കുന്നു" എന്നുള്ളതു്. ചുരുക്കത്തിൽ സത്യത്തെ ആരായുന്ന ശാസ്ത്രമാണു് തത്വജ്ഞാനം."

മനുഷ്യസങ്കടങ്ങൾക്കും, ദാരിദ്ര്യങ്ങൾക്കും നിവൃത്തിതേടി "ഭവജലധിയിന്മാതിരിപ്പാടുവേണ്ടാ" വർത്തിക്കുവാൻ തത്വജ്ഞാനം അനുപേക്ഷണീയമാണു്. സ്വാർത്ഥരഹിതമായ ഭക്തി തത്വജ്ഞാനിക്കു ഒഴിച്ചുകൂടാത്തതാണു്. മതം നിരീശ്വരത്വത്തിൽനിന്നു് എത്രമാത്രം വിട്ടു നിൽക്കുന്നുവോ അത്രത്തോളംതന്നെ തത്വജ്ഞാനവും ഭക്തിരാഹിത്യത്തിൽനിന്നു വേർപെട്ടിരിക്കുന്നു. പരമമായ ആനന്ദത്തിന്റെ—സച്ചിദാനന്ദത്തിന്റെ—കവാടങ്ങൾ തുറന്നു് നിത്യസത്തയുടെ പീയൂഷരസം നുകരുവാൻ തത്വജ്ഞാനം മാത്രമേ ഉപകരിക്കൂ!

## പ്രബുദ്ധതയോടുള്ള ഐക്യം

ചില 'വേദാന്തി'കളെപ്പോലെ എഴുതുവാനും പ്രസംഗിക്കുവാനും ആളുകൾക്ക എളുപ്പമാണ്. പക്ഷെ ബുദ്ധിപൂർവ്വകമായി പ്രവർത്തിക്കുക എന്നുള്ളതു മിക്കവർക്കും ബുദ്ധിമുട്ടുള്ളതാണ്. പ്രബുദ്ധമായിട്ടുള്ളതിനോടുള്ള ഐക്യമാണ് തത്വജ്ഞാനം. ഫ്രോയിഡ് (Froeud) ൻെറ അഭിപ്രായം 'ഇന്നതു ആകാം' എന്നുള്ള ആകാംക്ഷയല്ല അതീതമല്ല 'തത്വജ്ഞാന'മെന്നും, 'ഓരോ ഉറച്ച വേദാന്താഭിപ്രായങ്ങൾക്ക പിറകിലും സംശയം ഒളിഞ്ഞുകിടക്കുന്നു' എന്നുമാണ്.

## അറിവും നടപടിയും

തത്വജ്ഞാനം രണ്ടുവിധമാകാം—നടപടിയെസംബന്ധിച്ചതും, അറിവിനെ സംബന്ധിച്ചതും. അവ നാം കാണുന്ന സാർവ്വസാധനങ്ങളേയും വിലയിരുത്തി ചിന്തിയ്ക്കുവാനും അല്പംമാത്രം കൊണ്ടു തൃപ്തിയടയുവാനും, അഭിവൃദ്ധിയിൽ ഗർവ്വിതരാകാതിരിക്കുവാനും, വിപത്തുകളിൽ ധൈര്യത്തോടെ പെരുമാറുവാനും എല്ലാ സന്ദർഭങ്ങളിലും സമചിത്തതയോടുകൂടി വർത്തിയ്ക്കുവാനും ആവശ്യപ്പെടുന്നു. നമ്മുടെ അയൽവാസിയോടോ, അന്തേവാസിയോടോ, നമ്മോടുതന്നെയോ, എങ്ങിനെ പെരുമാറണമെന്നു അതു ഉപദേശിക്കുന്നു. പക്ഷെ മുൻപറഞ്ഞ കാര്യങ്ങളെ ശരിയാംവണ്ണം അനുഷ്ഠിക്കുന്നവനെയാണ് ശരിയായ തത്വജ്ഞാനിയെന്നു പറയേണ്ടതു്. അയാൾക്ക എത്രത്തോളം അറിവുണ്ടോ അത്രത്തോളം അറിയണമെന്ന ആഗ്രഹവുമുണ്ടായിരിക്കും. അറിവിൽ മുന്നോട്ടു പോകുന്തോറും അറിയേണ്ടതു എത്രയുണ്ടെന്നു വിചാരിച്ച് അത്ഭുതപ്പെടുന്നു. ഈശ്വരനുമാത്രമേ അനശ്വരമായ ആത്മാവിൻെറ ജ്ഞാനതൃഷ്ണ ശമിപ്പിക്കുവാൻ സാധിക്കൂ എന്നോർത്തു സമാധാനിക്കുന്നു. ഈ വസ്തുത മനസ്സിലാക്കലാണ് തത്വജ്ഞാനിയുടെ കർത്തവ്യം.

മതാനുഷ്ഠായിയായ തത്വജ്ഞാനിയെക്കാൾ ശ്രേഷ്ഠതരനായ ഒരുവനെ നമുക്ക ലോകത്തിൽ കണ്ടുപിടിക്കുവാൻ വയ്യ. അദ്ദേഹം ഈശ്വരസാക്ഷാൽകാരത്തിലേക്ക സകലത്തിനേയും ലയിപ്പിക്കുന്നു. സ്വർഗ്ഗീയമായ തത്വജ്ഞാനമേ! യാതൊന്നിൻെറ പരിശുദ്ധ പ്രകാശത്താൽ നാം ആദ്യം കണ്ടറിഞ്ഞ് ശരിയായ പാന്ഥാവിലൂടെ അനുനയിക്കപ്പെട്ടുവോ, യാതൊരു ശക്തിയാലാണോ, ഓരോ തെററിൽനിന്നും നാം നിവൃത്തി നേടിയതു്, യാതൊന്നാണോ നമ്മുടെ ദുശ്ശീലങ്ങളെയും ദുസ്വഭാവങ്ങളെയും അല്ലാല്പമായി തുടച്ചുനീക്കി ഒടുവിൽ പാടെ വിപാടനം ചെയ്യാൻ നമ്മെ ശക്തരാക്കിത്തീർത്തു്, ആ അത്ഭുതപരാശക്തിയായി അവിടുത്തേക്ക അനന്തകോടി പ്രണാമം!

"ഇന്ത്യയിൽ നിർബ്ബന്ധപൂർവ്വമായ മദ്യനിരോധം നടപ്പിൽവരുത്തരുതെന്നും കുടിക്കുവാനാഗ്രഹിക്കുന്നവർക്കു അതിനുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നുമുള്ള വാദത്താൽ നിങ്ങൾ വഞ്ചിതരാകരുതു്. ജനങ്ങളുടെ ദുരാസക്തികളെ തൃപ്തിപ്പെടുത്തുവാൻ സ്റ്റെയിററ് ഉദ്ദേശിക്കുന്നില്ല. മദ്യശാലകൾ നടത്തുകയോ അവയ്ക്കു ലൈസൻസ് കൊടുക്കുകയോ ഞങ്ങൾ ചെയ്യുന്നതല്ല. കളവിനുള്ള സൌകര്യങ്ങളും ഞങ്ങൾ ചെയ്തുകൊടുക്കുന്നില്ല. കളവിനെക്കാളും ഒരുപക്ഷെ വ്യഭിചാരത്തെക്കാളുംകൂടി നിന്ദ്യമത്രെ മദ്യപാനം എന്നാണെൻെറ പക്ഷം. പലപ്പോഴും രണ്ടിൻെറയും ജനയിതാവല്ലെ മദ്യപാനം?"

മഹാത്മാഗാന്ധി.

---

"മാദകദ്രവ്യങ്ങൾ അതിഭയങ്കരമായ ദോഷങ്ങളെ ഉണ്ടാക്കിയിട്ടുണ്ട്, യുദ്ധം, ക്ഷാമം, പകർച്ചവ്യാധി ഇവകൊണ്ടു് മനുഷ്യലോകത്തിനുണ്ടാവുന്ന ഉപദ്രവങ്ങളെക്കാൾ നീണ്ടുനില്ക്കുന്നതും തുടർന്നുപോകുന്നതുമാണ്, മദ്യപാനംകൊണ്ടുള്ള ദോഷം"

ജി. ഗ്ലാഡ്സ്റ്റൻ.

# എന്റെ ഗാനം

Sri. A. P. VASUDEVAN NAMBOODIRIPAD, B A.

'നീലക്കാർമുകിൽ' എന്ന മട്ട്.

ഇന്നലെ

ഗാനവീചികൾ തള്ളിക്കേറും
നൂനമെൻ രസനാഗ്രം വരെയും
കാരണമൊന്നുമില്ല പെട്ടെന്നാ-
ധാര വററി വരണ്ടു പോയേക്കും.
മാനസത്തിലലതല്ലും സ്നേഹ-
ഗാനവീചി നിതാന്തമെന്നാലും
പാരമെൻഗളനാളം ഞെരുങ്ങും
ആരവം പുറത്തൊന്നു കേൾപ്പിക്കാൻ
പാടണമെന്നെനിക്കു തോന്നീടും
പാടവം കൈവരാതെ ഞാൻ നില്ക്കും.

ഇന്ന്

സ്നേഹമൊന്നെന്നെൻ മാനസ വീണ
ക്കേകീയന്നും പ്രചോദനമിന്നും
ഭാവന വിടർത്തീടുമെൻ ഹൃത്തിൽ
ള്ളുവികാരങ്ങൾ നൃത്തമാടുമ്പോൾ
ആശയെന്മുന്നിൽ ദീപ്തമായ് നില്ക്കും
ആഭ ചിന്നും കെടാ വിളക്കായി
അപ്രദീപ്തിയിൽ മുന്നോട്ടു കേറാൻ
ഉൾപ്രമോദം ശ്രമിക്കേച്ചിലപ്പോൾ
ഞാനറിയാതെൻ മാനസവീണ
താനേ തന്നെ പ്രകമ്പിതമാവും.

നാളെ

ആ വിപഞ്ചിക പെയ്തീടും ഗാന-
മീ വിശാലമാം വിശ്വത്തിനൊങ്ങാൻ
ഉൾക്കളത്തിലലതല്ലുമെന്നാൽ
ഉൾക്കിളിരം വളർത്തുമെന്നാകിൽ
ഇക്കലാകാരനേററം കൃതാർത്ഥൻ
ഉൾക്കയത്തിലിതൊന്നു താൻ മോഹം.
ഭാവിയെ മുന്നിൽ തീക്ഷ്ണമപ്പുത്തൻ
പൂവിടരുന്ന പൊൽപ്രഭാതത്തിൽ
നൂനമെന്നുമെൻ ഗാനങ്ങൾ നവ്യ
ഭാവനയേ. പകർത്തി വെക്കാവൂ.
മാദകപ്രേമമാധുരിയേക്കാൾ
മാനവസ്നേഹമാധുര്യമൊന്നേ
ആനയിക്കാവൂ മന്മനോവീണ;
ഹാ! പകർത്താവൂ മൽസ്നേഹഗാനം.

# ഭാരതപതാക.

(Sri. KRISHNAN NAMBUDIRI B. Sc.)

പരാധികാരം ഭാരതഭൂവിൽ പരാജയിക്കുമ്പോൾ
സ്വരാജ്യലാഭം സ്വാരാജ്യാഭം സുഖം വളർത്തുമ്പോൾ
അപാരഹൃദയ പ്രഹർഷവാരിയിലാറാടിപ്പാടി
വികാരതരളിത വിചാരനാകും വിനീതനൊരു തനയൻ:-
"അശോകചക്രപ്രശോഭിമദ്ധ്യേ! സമത്വസത്യോദ്യ-
ദ്യശോധരേ! നീ വിശാലവിണ്ണിൽ ത്രിവർണ്ണസംപൂർണ്ണേ!
വിശോകമുയരുക വിശ്വജനത്തിനു വിശിഷ്ടശാന്തിയതിൻ
വിശേഷമോതുക വിജയപതാകേ! വിമോഹനാകാരേ!
'സമത്വസത്യസമാധാനങ്ങൾക്കുയർത്തുമിനിമേലിൽ
സമസ്തഭാരത സമർത്ഥഹസ്തം ലോകത്തിൻ മുന്നിൽ'
വെളിക്കിവണ്ണം വിളിച്ചുചൊൽവാൻ വെമ്പീടും വണ്ണം
വെളുപ്പുവർണ്ണം വിളങ്ങീടുന്നു വെന്നിക്കൊടിമുകളിൽ-
'വരിഷ്ഠ ഗംഗാ യമുനാ സിന്ധു സരസ്വതി മുതലാകും
വിശിഷ്ട നദിഗണ വിപുഷ്ട വിഭവപ്രതിഷ്ഠമീരാജ്യം'
പറന്നീടുന്നീപ്പതാക തന്നിൽപ്പകർന്നു നിന്നേവം
പറഞ്ഞിടുന്നു പരന്നപാടത്തിയന്നപച്ചനിറം,
പരാർത്ഥമഖിലം പരിത്യജിക്കും ഭാരതസംസ്കാരം
പരിഷ്കരിക്കും കാഷായാംബരമതിൻ മനോജ്ഞനിറം
പറഞ്ഞിടുന്നു 'ഭാരതമിനിമേൽ തുടർന്നിടും ത്യാഗം
നിറഞ്ഞ പാവന'സേവനമെന്നായ് പതാകമേൽനിന്നും
'വിലങ്ങടിക്കും വിലോമശക്തികൾ വിലംഘനം ചെയ്യും
വിളംബരഹിതം പുരോഗമിക്കും ഭാരതമന്നദിവസം'
വിയസ്ഥലത്തീ വിശ്രുതസത്യം വിളംബരം ചെയ്‌വാ-
നുയർത്തുയന്നീ ധ്വജത്തിലെത്തീ ധർമ്മത്തിൻചക്രം.
സ്വജീവിതത്തെ സ്വാതന്ത്ര്യത്തിൻ ബലിപീഠത്തിങ്കൽ
സജീവമേകി സ്വർഗ്ഗം പൂകിന വീരഭടന്മാരേ!
സ്വതന്ത്രഭാരത ജനതയുയർത്തും പതാക വാനിലുയ-
ന്നിതാ കൃതജ്ഞതയാർന്നരുളുന്നു നിങ്ങൾക്കഭിവാദ്യം!!
സ്വതന്ത്രസുന്ദരസുഖകരചരിതേ! നമസ്സഹസ്രംതേ!
സ്വതന്ത്രപൂതേ! വികസിതസുകൃതേ! പ്രസീദമേ! വരദേ!"

# വിദ്യാർത്ഥികളും സമുദായസേവനവും

Sri. V. R. CHANDRASEKHARAN. B. A,

നവംനവങ്ങളും അത്യത്ഭുതാവഹങ്ങളും, തീരെ അപ്രതീക്ഷിതങ്ങളുമായ പരിവർത്തനങ്ങൾതുലോം ദ്രുതഗതിയിൽ മനുഷ്യന്റെ നിത്യജീവിതത്തെ സാരമാംവിധം സ്പർശിച്ചുകൊണ്ട് മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുന്ന ഈ പ്രത്യേകകാലഘട്ടത്തിൽ, സാധാരണജനങ്ങൾ ആദിമകാലങ്ങളിൽ അതിപ്രധാനമായി എണ്ണിപ്പോന്നിരുന്ന ആതുരശുശ്രൂഷയും സേവനോന്മുഖതയും, ത്യാഗസന്നദ്ധതയും, അവരുടെ ദിനചര്യയിൽ വിസ്മരിച്ചുപോകുന്നതു ഒരുപക്ഷെ സംഭാവ്യമാണെങ്കിലും അതു •ക്ഷന്തവ്യമായിട്ടെണ്ണി ആരും സമാധാനിക്കുമെന്നു തോന്നുന്നില്ല. ഭൗതികസുഖങ്ങളിൽ ആറാടി, മനം മയങ്ങി, മററൊന്നിലും മനസ്സു ചെലുത്താതെ, ജീവിതോദ്ദേശനിർവ്വഹണംതന്നെ തീരെ വിസ്മരിച്ചുകൊണ്ട്, കേവലം മദോന്മത്തരായി—സഹജീവിസ്നേഹം തീരെ ത്യജിച്ചു—ത്യാഗമോഹനങ്ങളായ നിസ്തുലസേവനങ്ങളാൽ ആതുരത്രാണം ആചരിക്കേണ്ടതായ സുന്ദരയൌവ്വനകാലം അർത്ഥശൂന്യമായ ആഡംബരഭ്രാന്തിയിൽ മാത്രം ശ്രദ്ധിച്ച്, ജീവിതത്തിന്റെ പരിപാവനലക്ഷ്യം പാടെ അവഗണിച്ചുകൊണ്ട് ദയനീയമാംവണ്ണം വ്യർത്ഥമാക്കിക്കളയുന്ന മർമ്മസ്പർശികളായ നിത്യാനുഭവങ്ങൾ നമുക്ക് സന്മാർഗ്ഗോപദേശത്തിന്നു് പര്യാപ്തങ്ങളല്ലെന്നുവരുമ്പോൾ—അഹോ! നമുക്ക് നേരിട്ടതായ ഘോരമായ ധാർമ്മികാധഃപതനം എത്രമേൽ വമ്പിച്ചതാണ്. ലോകചക്രത്തിന്റെ നിരന്തരവിഭ്രമണത്തിൽ ഈ ജീവിതത്തിൽ "ഒന്നിന്നുമില്ലനിലയുന്നതമായകുന്നു മെന്നല്ലയാഴിയുമൊരിക്കൽ നശിക്കു"മെന്നും, ജനനവും മരണവും സർവ്വസാധാരണമാണെന്നും, വലിയതു നശിക്കുമെന്നും ചെറിയതു വലുതാകുമെന്നുമുള്ള തത്വരത്നം, ആന്തരമായി ആലോചിക്കുന്നവർക്കനുഭവപ്പെടുന്നതാണെങ്കിലും, അല്പജ്ഞനായ നിസ്സാരമനുഷ്യൻ ബഹിസ്പർശിയായ മായാസൌന്ദര്യത്തിൽ മതിമറന്നു സ്വാർത്ഥപൂരണത്തിന്നു് മാത്രമായി ജീവിക്കുന്നതിൽ അഭിമാനംകൊള്ളുന്നു. സ്വാർത്ഥപ്രതിപത്തിയുടെ മകുടോദാഹരണങ്ങളായി, മററുള്ളവരുടെ സമസ്തവും, ചവിട്ടടിയിൽ പെടുത്തി, സ്വേച്ഛാപ്രഭുക്കളായി കരബലത്താൽ കരയും കടലും കീഴ്പെടുത്തി ഭരിക്കണമെന്നാശിച്ച്, ജയഭേരിയടിച്ച സാർവ്വഭൌമന്മാരും വീരയോദ്ധാക്കളും, കേവലം കീടങ്ങളേപോലെ തങ്ങളുടെ സർവ്വസ്വവും ഈ ഭൂമിയിൽതന്നെ വിട്ടുകൊണ്ടു അന്ത്യയാത്ര പറയുകയാണുണ്ടായിട്ടുള്ളത്. ഈ അനുഭവസഹസ്രങ്ങൾ എത്രമേൽ പുനരാവർത്തിച്ചിട്ടും, മറക്കുവാൻ പഠിച്ചിട്ടുള്ള മനുഷ്യൻ ഇതിൽനിന്നെല്ലാം ഒരു പാഠം പഠിച്ചീട്ടുള്ളതായി കാണുന്നില്ല—അഥവാ പഠിച്ചിട്ടുണ്ടെങ്കിൽതന്നെ അതിനെ അവഗണിക്കുന്നതായിട്ടാണ് അവരുടെ സഹജമായ സ്വഭാവത്തിൽ പ്രത്യക്ഷമായിക്കാണുന്നത്. ലോകചരിത്രം ആദ്യംമുതൽക്കേ നിസ്തുലസേവനസന്നദ്ധതയാൽ യശസ്സുനേടിയ ത്യാഗവീരന്മാരുടെ മഹനീയചരിത്രങ്ങളെക്കൊണ്ട് സംപൂർണ്ണമാകുന്നു. ലോകാചാര്യന്മാരായ, ബുദ്ധഭഗവാനും, ക്രിസ്തുദേവനും, മുഹമ്മദും സ്വസഹോദരന്മാർക്കുവേണ്ടി ജീവിതംനയിച്ചു ജീവത്യാഗം ചെയ്തവരായിരുന്നു. അഹിംസാ മണിച്ചട്ടപൂട്ടി, സ്നേഹമാകുന്ന കൈവാളേന്തി, അക്രമരാഹത്യമായ ധാർമ്മികപ്പോരിൽ പ്രതിരോധിയുടെ സാമ്രാജ്യദുർമ്മോഹം വെട്ടിനീക്കി—ഒട്ടധികം തലമുറകളായി കടുത്ത വിദേശമേധാവിത്വത്തിന്റെ നരകപീഡനകൾ നിരന്തരം സഹിച്ചു പ്രാരബ്ധതയിൽ കണ്ണീരും കയ്യുമായി കഴിഞ്ഞിരുന്ന ഭാരതാംബയുടെ പവിത്രങ്ങളായ കൈകാലുകളിലെ പാരതന്ത്ര്യശൃംഖല സ്വന്തകയ്യുകളാൽ പിഴുതെടുത്തെറിഞ്ഞു കൃതകൃത്യനായി, സാക്ഷാൽ ക്രിസ്തുദേവനെപ്പോലെ ആത്മയജ്ഞം നടത്തിയ മഹാത്മജിയുടെ മഹനീയസേവനങ്ങൾ നമുക്ക് വേണ്ടമാർഗ്ഗത്തിൽ പ്രചോദനംനൽകുന്നതിന്നു പര്യാപ്തമായിട്ടില്ലെങ്കിൽ നമ്മുടെ മുരടിച്ച ബുദ്ധിയുടെ വികാരശൂന്യതയിൽ പരിതപിക്കയല്ലാതെ മറെറന്തുചെയ്യട്ടേ!

ഭൂമിയിൽ ധർമ്മം നശിച്ചു അധർമ്മം പുലരുമ്പോൾ, സാധുരക്ഷണാർത്ഥം അവതരിച്ച മഹാപുണ്യപുരുഷന്മാരിൽ ഏററവും അടുത്ത കാലത്തു നമ്മുടെ കർമ്മഭൂവിനെ തന്റെ പാവനജീവിതംകൊണ്ട് പരിപൂതമാക്കിയ—പൌരസ്ത്യലോകത്തിന്റെ അഭിമാനസ്തംഭവും, ആർഷസംസ്കാരത്തിന്റെ തേജഃപുഞ്ജവുമായ മഹാത്മജി, തന്റെ

നിരക്ഷരകുക്ഷികളും പരാശ്രയരുമായ പരസഹസ്രം മർദ്ദിതജനങ്ങളുടെ ഉദ്ധാരണാർത്ഥം നിർദ്ദേശിച്ച വാർദ്ധാവിദ്യാഭ്യാസപദ്ധതിയിൽ സർവ്വോപരി പ്രാധാന്യം വഹിക്കുന്നത് പ്രവർത്തനമാർഗ്ഗേണയുള്ള സേവന പരിപാടിയാണ്. ഈ സേവനപദ്ധതി എങ്ങിനെയുള്ളതായിരിക്കണമെന്നും എങ്ങിനെ നടപ്പിൽ കൊണ്ടുവരാമെന്നും പരിശോധിക്കുന്നപക്ഷം അതിന്റെയെല്ലാം മൂലതത്വം സ്വാശ്രയബുദ്ധിയിലും, സ്വകർമ്മനിർവ്വഹണ നിഷ്ഠയിലും, അതേസമയം പരശുശ്രൂഷാതൽപരതയിലും വേരൂന്നിയിരിക്കുന്നതായി കാണാം. ഒരുവൻ തന്നത്താൻ കർമ്മനിഷ്ഠയോടും, സ്വധർമ്മബോധത്തോടും കൂടി സർവ്വകാര്യങ്ങളിലും ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നപക്ഷം അവൻ തന്നത്താൻ ഉൽകർഷം പ്രാപിക്കുകയും ആ പ്രയത്നത്തിൽ തന്റെ മാതൃകാപരമായ ജീവിതചര്യ കൊണ്ട് അവനറിയാതെതന്നെ സ്വസഹോദരങ്ങളേയും ഉദ്ധരിക്കാനിട വരികയും ചെയ്യുമെന്നതു വെറും പരമാർത്ഥം മാത്രമാണ്. സമുദായശുശ്രൂഷയിൽ മനസ്സുവെക്കുന്ന ഒരാൾ പ്രഥമവും പ്രധാനവുമായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് സൽസ്വഭാവനിഷ്ഠ. ഈ സ്വഭാവഗുണംകൊണ്ട് ഓരോരുത്തരും നന്നാവുമ്പോൾ—നന്നാകുവാനായി യത്നിക്കുമ്പോൾ—തീർച്ചയായും ആ വ്യക്തികളുൾക്കൊള്ളുന്ന സമുദായവും അവനോടൊപ്പം പുരോഗമിക്കാതിരിക്കാൻ ന്യായമില്ല. ഈ പുരോഗമനത്തിന്നു സാദ്ധ്യതയുളവാക്കുന്ന വ്യക്തിപ്രാഭവം—സേവനസന്മനസ്സ് ഓരോരുത്തരും കരസ്ഥമാക്കേണ്ടതു് ഇളംപ്രായമായ വിദ്യാർത്ഥി ദശയിലാണ്. വിദ്യാഭ്യാസമാണല്ലോ ഒരുത്തന്ന് വിജ്ഞാനസമ്പാദനത്തിന്നും, ജീവിതായോധനപരിശീലനത്തിന്നും സാദ്ധ്യതയുണ്ടാക്കുന്നത്. ഈ വിദ്യാഭ്യാസം പൂർത്തിയാകേണമെങ്കിൽ ഒരുവൻ വിദ്യാർത്ഥിദശയിൽതന്നെ അന്യനോടനുവർത്തിക്കേണ്ട സമ്പ്രദായവും, നിസ്സഹായതയിൽ പാടുപെടുന്ന സഹജീവികളെ കഷ്ടതയിൽനിന്നും കരകയററുവാൻ—വേണ്ടിവന്നാൽ സ്വജീവിതം തന്നെ മഹത്തായ സേവനബലിപീഠത്തിൽ അർപ്പിച്ചും, ത്യാഗസന്നദ്ധതയോടെ പെരുമാറുവാൻ വേണ്ടത്ര തന്റേടവും തത്പരതയും സമ്പാദിക്കേണ്ടതാണ്. ഇത് ബാലപാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചു കാണുന്ന "പ്രാണിദയ" തുടങ്ങിയ കല്പിതകഥകളോ വിവരണങ്ങളോ മാത്രം ഉരുക്കഴിച്ചതുകൊണ്ട് നേടുന്നതായിരിക്കയില്ല. അതു സാദ്ധ്യമാകേണമെങ്കിൽ ഈ പ്രമാണരത്നങ്ങൾ അക്ഷരംപ്രതി നടപ്പിൽ കൊണ്ടുവന്നു പരിശീലിച്ചേ മതിയാവൂ.

ഇന്നത്തെ പരിഷ്കരിച്ച പഠനസമ്പ്രദായങ്ങളിൽ സേവനതത്പരതയെ വളർത്തുവാൻ പര്യാപ്തങ്ങളായ ഏതാനും നിവൃത്തിമാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇതെഴുതുന്നആൾ അറിയാതെയും ഓർക്കാതെയും ഇരിക്കുന്നില്ല. ഇതിൽനിന്നും ലഭിക്കുന്ന ഫലം ഏതു വിധത്തിൽ വിദ്യാഭ്യാസപദ്ധതിയിൽ ഉപയോഗപ്പെടുമെന്നുള്ളതിനെപ്പററി ഒരു നിരൂപണത്തിന്നു കാലമായിട്ടില്ല. നമ്മുടെ പട്ടണങ്ങളിലും ഉൾപ്രദേശങ്ങളിലും ഇന്നു നാം കടന്നുപോകുമ്പോൾ ഒന്നല്ലെങ്കിൽ മററ വിധത്തിലുള്ള സേവാമന്ദിരങ്ങളുടെ തത്വമാഹാത്മ്യങ്ങളെ പതിന്മടങ്ങ് വർണ്ണിച്ചുൽഘോഷിക്കുന്ന "പേർപ്പലകകൾ" Name Boards കമനീയമാംവിധം വിവിധഭാഷകളിലും വിചിത്രവർണ്ണങ്ങളിലും എഴുതി പ്രദർശിപ്പിച്ചിരിക്കുന്നതു കാണാം. പുറംപൂച്ചിന്റെ നിറപ്പകിട്ടിൽ യാഥാർത്ഥ്യം മറച്ചുകൊണ്ടുള്ള കൃത്രിമജീവിതം അനുവർത്തിച്ചുകൊണ്ടുവരുന്ന സാധാരണക്കാരൻ ഈ മഹനീയാദർശപ്രദർശനപ്രധാനമായ "പേർപ്പലക"കളുടെ പിന്നിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പ്രത്യേകതയെ പ്രത്യക്ഷത്തിൽ കണ്ടറിയുവാൻ പ്രായേണ ശ്രദ്ധയില്ലാത്തവനായിട്ടാണ് കാണുന്നത്. "ബോയ്സ്കൗട്ട്" സംഘടന തികച്ചും ആദരണീയവും ആദർശസമ്പന്നവുമായ ഒരു സംരംഭത്തെയാണ് കുറിക്കുന്നത്. എന്നാൽ അതിന്റെ പ്രധാനവ്യവസ്ഥയായ, ദിവസേന അവശ്യം നിർവ്വഹിക്കേണ്ടതായ "Good Turn" (പരോപകാര നിർവ്വഹണം), ചെറുതായാലും വലുതായാലും ചെയ്തുതീർക്കുന്നുണ്ടെന്നു സത്യമായും അഭിമാനം കൊള്ളാവുന്ന എത്ര അംഗങ്ങൾ ആ സംഘടനയിൽ ഉണ്ടെന്നുള്ളത് നമുക്കാലോചിച്ചാലറിയുന്നതാണ്. ആന്തരമായ ഉദ്ദേശശുദ്ധിയെ പാടെ വിസ്മരിച്ചു, ബാഹ്യമായ ആഡംബരഭ്രമവും അധികാരവ്യാമോഹവും, സ്ഥാനലബ്ധിയെ മുൻനിർത്തിയുള്ള പ്രകടനങ്ങളും മാത്രമാണ് ഇന്നതിൽ കാണുന്നത്. വിദ്യാർത്ഥികളുടെ ഇടയിൽ ഇതുപോലെ മററ പല സംഘടനകളും ഉള്ളതിന്റേയും സാക്ഷാൽ സ്വരൂപം ഇതിൽനിന്നും ഒട്ടധികം വിഭിന്നമല്ല. സ്കൂൾവർഷാന്തദിനാഘോഷവേളകളിലോ, അദ്ധ്യയനയാത്രാവസരങ്ങളിലോ സംഘത്തിന്റെ Uniform ധരിച്ചു സർവ്വാലങ്കാര വിഭൂഷിതന്മാരായി പുറത്തുവന്നു പരിലസിക്കുന്ന അപൂർവ്വസന്ദർഭങ്ങളിലല്ലാതെ, വേറെ വല്ല സമയത്തും ഈ സംഘാംഗങ്ങൾ തങ്ങളുടെ ഉത്തരവാദിത്വവും കർത്തവ്യങ്ങളും ഓർമ്മിക്കാറുണ്ടോ? സേവനസാദ്ധ്യതയുള്ള സന്ദർഭങ്ങൾ അവരെ നേരിടാതെയാണോ അവർ കർമ്മകുശലത കാണിക്കാതിരിക്കുന്നത്? ഒരി

ക്കലുമല്ല: സ്വാർത്ഥം—സ്വന്തതാല്പര്യം കുറച്ചെങ്കിലും ബലികഴിക്കുവാൻ അവർക്ക് സന്മനസ്സില്ലാത്തതുകൊണ്ടു മാത്രമാണ്. ബോയ്സ്കൗട്ട്സംഘാംഗങ്ങൾ പുകവലിക്കുന്നതു നിഷേധിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഇതു അക്ഷരംപ്രതി പാലിക്കുന്നവർ ആ സംഘത്തിൽ ഇന്നെത്രയുണ്ടെന്നുള്ളത് തീർച്ചപ്പെടുത്തുവാൻ ഞാൻ വായനക്കാർക്കു വിട്ടുതരുന്നു. വിദ്യാർത്ഥികളിൽ പ്രത്യേകിച്ച് ബാല്യദശയെ അതിക്രമിക്കാത്ത ഹൈസ്കൂൾ വിദ്യാർത്ഥികളിൽ കേവലം ആഡംബരത്തിനും പാശ്ചാത്യപരിഷ്കാരത്തിന്റെ ദുഷ്ടവശങ്ങളുടെ അനുകരണത്തിനും അധീനരായി, പുകവലി അന്തസ്സിനെ അളക്കുന്ന പരിഷ്കാരചിഹ്നമായി—ജീവിതചര്യയിൽ വിട്ടുപിരിയാത്ത ചങ്ങാതിയായി സ്വീകരിക്കാത്തവർ എത്ര പേരുണ്ടെന്ന് അവരുടെ രക്ഷിതാക്കന്മാരോ അദ്ധ്യാപകന്മാരോ ചിന്തിച്ചിട്ടുണ്ടോ. ഒരു പക്ഷെ അവരും "അതേ തോണിയിൽ സഞ്ചരിക്കുന്നവരാണെങ്കിൽ," ചിന്തിച്ചിരുന്നാലും പ്രതിവിധി കല്പിക്കുവാനോ, ആ പ്രതിരോധനടപടികൾ ആത്മാർത്ഥതയോടെ നടപ്പിൽ വരുത്തുവാനോ ധൈര്യപ്പെട്ടിരിക്കയില്ല.

പാഠവിഷയങ്ങൾതന്നെ ധാരാളത്തിലധികം ഉണ്ടായിരിക്കെ എങ്ങിനെExtra Curricular Activities ആയിട്ടുള്ള സേവനപരിപാടികൾ പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുവാൻ സമയമുണ്ടാകുമെന്നും, സമയമുണ്ടെങ്കിൽതന്നെ എവിടെയാണ് അതിനുള്ള സന്ദർഭങ്ങൾ നേരിടുന്നതെന്നും ഒരുപക്ഷെ ചോദിക്കുമായിരിക്കാം. "വേണമെങ്കിൽ ചക്ക വേരിന്മേലും കായ്ക്കു"മെന്ന പ്രമാണമാണ് ഇതിനു മറുപടിയായിട്ടെനിക്ക് പറയുവാനായിട്ടുള്ളത്. നിരവധി സന്ദർഭങ്ങൾ വിദ്യാർത്ഥികൾക്ക് നിത്യജീവിതത്തിൽ തീർച്ചയായും ലഭിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. ഉദാഹരണമായി ഒന്നുരണ്ടു സംഗതികൾ ഞാൻ എടുത്തു കാണിക്കാം. നമ്മുടെ അടുത്തുള്ള തീവണ്ടി ടിക്കറ്റുമുറികൾ, ബസ്സ് ടിക്കറ്റുമുറികൾ മുതലായതുകൾക്കടുത്തു തടിച്ചുകൂടുന്ന ജനക്കൂട്ടം കാണാനിടവന്നിട്ടുള്ളവർക്ക്, അവിടെ വന്ന് ടിക്കറ്റ് വാങ്ങുവാൻ അറിവും പരിചയവും ഇല്ലാത്തവർ, അതുള്ളവരെന്നഭിമാനിക്കുന്ന മുഷ്കന്മാരും സ്വാർത്ഥികളുമായിട്ടുള്ളവരിൽനിന്നനുഭവിക്കുന്ന കഷ്ടതകൾ വിവരിക്കാതെതന്നെ ഗ്രഹിക്കുവാൻ കഴിയും. "ക്യൂ" സമ്പ്രദായം ദീക്ഷിക്കുവാൻ അറിയാത്തവരും, അറിയാവുന്നവരെങ്കിലും അലസന്മാരായി, അലക്ഷ്യഭാവത്തിൽ അതിനെ അനാദരിക്കുന്നവരും നിമിത്തം സമാധാനപ്രിയന്മാരും അച്ചടക്കമനോഭാവമുള്ളവരുമായ മാന്യയാത്രക്കാർക്ക് അനാവശ്യക്ലേശങ്ങൾ എത്രയാണനുഭവിക്കാനിടവരുന്നതെന്ന്, സൂക്ഷിച്ചിട്ടുള്ളവർക്ക് മനസ്സിലാക്കുവാൻ വിഷമമുണ്ടാകയില്ല. വിദ്യാർത്ഥികൾക്ക്—സ്കൗട്ട്സംഘാംഗങ്ങൾ ആയാലും Social Service group കാരായാലും National Cadet Corps കാരായാലും ശരി അനദ്ധ്യായവേളയിലെങ്കിലും ഈരണ്ടു അംഗങ്ങളെ, ഇങ്ങിനെ ബഹുജനങ്ങൾ കഷ്ടപ്പെടുന്ന സ്ഥലങ്ങളിൽ അവരെ നേർമാർഗ്ഗം കാണിച്ചുകൊടുത്ത് "ക്യൂ" സമ്പ്രദായം വിജയപ്രദമാക്കുവാൻ "ഷിഫ്റ്റ്" സമ്പ്രദായത്തിൽ ദിനംപ്രതി രണ്ടുനാലു മണിക്കൂർ വീതമെങ്കിലും ചെലവിടുന്നപക്ഷം അത്ഭുതാവഹമായ വിധത്തിൽ ഈ സംരംഭത്തിൽ അവർ വിജയം നേടുന്നതായിട്ടനുഭവപ്പെടുമെന്നതിൽ സംശയലേശമില്ല. ഒരുപക്ഷെ നിങ്ങൾ ചോദിക്കുമായിരിക്കാം നാട്ടിൽ വേറെ പൊതുസഹായസ്ഥാപനങ്ങൾ ഇല്ലെ എന്നു. ഉണ്ട് തീർച്ചയായിട്ടും ഉണ്ട്. Ladies Club, Evening Club, Social Club, Recreation Club, Cosmopolitan Club, Service Club എന്നെല്ലാം പല തരത്തിലും ക്ലബ്ബുകൾ നടത്തിവരുന്നുണ്ട്. എന്നാൽ പ്രായേണ അധികം സ്ഥാപനങ്ങളിലും (Recreation) വിശ്രമവിഹാരമെന്നതിൽ കവിഞ്ഞ് ഒരു സേവനവും ഉണ്ടായിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. ചുരുക്കം ചിലതിൽ Annual Dinner (വാർഷികഭോജനം) എന്ന ചടങ്ങും ആഡംബരപൂർവ്വം നടത്തിയെന്നുവരാം. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഈവക സ്ഥാപനങ്ങൾ മാർഗ്ഗദർശികളാകാൻ പര്യാപ്തങ്ങളാണോ എന്നു ഞാൻ ബലമായി സംശയിക്കുന്നു.

പരോപകാരതത്പരത പ്രദർശിപ്പിക്കുവാനും പ്രവൃത്തിപദ്ധതിയിൽ അനുവർത്തിച്ച് അഭിമാനം നേടുവാനും വിദ്യാർത്ഥികൾക്ക് ഇനി പല വഴികൾ ഉണ്ടെങ്കിലും വിസ്താരഭയത്താൽ ഞാൻ ഇപ്പോൾ പ്രതിപാദിക്കാനൊരുങ്ങുന്നില്ല. എന്നാൽ പരോപകാരം ചെയ്യുവാൻ സന്മനസ്സില്ലാത്തപക്ഷം പരോപദ്രവം പരത്തുന്നതിൽനിന്നെങ്കിലും വിദ്യാർത്ഥികൾ പിന്തിരിയാത്തപക്ഷം അവർ അവരുടെ സൽപ്പേരിൽ ചളിവാരിയെറിയുക മാത്രമല്ല അവരുടെ അഭ്യുദയത്തിൽ ആകാംക്ഷയോടെ അനവരതം സംരക്ഷിച്ചുപോരുന്ന പിതൃജനങ്ങൾക്കും, അവരുടെ പ്രതിനിധികളായി, അവർക്ക് വേണ്ട ജീവിതായോധനശിക്ഷണങ്ങൾ നൽകുന്ന ഗുരുജനങ്ങൾക്കും തീരാകളങ്കം വരുത്തിവെക്കുകകൂടിയാണ് അവർ ചെയ്യുന്നതെന്നും കൂടി ഞാൻ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. കോഴി

ക്കോട്ട തലസ്ഥാനനഗരിയിലേക്കെത്തുന്ന തീവണ്ടികളിൽ യാത്രചെയ്യാനിടവന്നിട്ടുള്ളവർക്ക് ദിനംപ്രതി അനുഭവപ്പെടുന്ന ഒരു സംഗതി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. കാലത്തു വിദ്യാലയത്തിലേക്കും വൈകുന്നേരം വീട്ടിലേക്കും പോകുന്ന വിദ്യാർത്ഥികളിൽ ഒരു ഗണ്യവിഭാഗം തീവണ്ടിയിലെ ടിക്കററ് പരിശോധകന്മാരുമായി നടത്തുന്ന പ്രഹസനം ഒരിക്കൽ കാണാനിടവന്നിട്ടുള്ളവർക്ക് ഈ ആഭാസനാടകത്തിൽ കുട്ടികളുടെ പങ്ക് എത്രമാത്രം നിന്ദ്യവും, അഭിമാനശൂന്യവും സർവ്വോപരി പൌരധർമ്മബോധവിഹീനതയുടെ മകുടോദാഹരണവുമാണെന്നു പറഞ്ഞറിയിക്കേണ്ട തായിട്ടില്ല. ടിക്കററ് വാങ്ങീട്ടുള്ളവർ വാങ്ങിട്ടില്ലെന്ന നാട്യംകൊണ്ട് ടിക്കററ് പരിശോധകനെ കബളിപ്പിച്ച് അവരുടെ ചുമതല നിർവ്വഹണത്തിൽ തടസ്ഥമുണ്ടാക്കി, യഥാർത്ഥത്തിൽ വാങ്ങാത്തവരെ, മനഃപൂർവ്വം വഞ്ചനക്കരുനിന്നു സഹായിക്കുന്ന നീചവും, നിന്ദ്യവും, ജുഗുപ്സാവഹവുമായ കാഴ്ച ഇന്ന് ഈ നാണംകെട്ട പ്രവൃത്തിയിലേപ്പെടുന്നവർക്ക്, നാളെ പഠിപ്പുകഴിഞ്ഞ് റെയിൽവെയിൽ ഈ ഉദ്യോഗത്തിൽതന്നെ പ്രവേശിക്കേണ്ടിവന്നാൽ ആത്മവഞ്ചനകൂടാതെ സ്വകർമ്മനിരതരായിട്ടെങ്ങിനെ പ്രവൃത്തിയെടുക്കുവാൻ കഴിയുമെന്ന വസ്തുത അവരുടെ ചിന്തക്ക് വിഷയീഭവിക്കുന്നില്ലെന്നു തെളിയിക്കുന്നു. ഉപകാരം ചെയ്തിട്ടില്ലെങ്കിലും, ഇത്തരം വിദ്യാർത്ഥികൾ ടിക്കററ് പരിശോധകന്മാരെ കബളിപ്പിച്ചു അവർക്ക് പിടികൊടുക്കുവാൻ ഇടവരാതെ ഓടിയെത്തിപ്പിടിച്ചു വണ്ടിയിൽ ചാടിക്കയറുന്നതും വണ്ടിനില്ക്കുന്നതിനുമുമ്പ് ചാടിയിറങ്ങുന്നതും മററു യാത്രക്കാരുടെ സൌകര്യത്തെ മുൻനിർത്തിയെങ്കിലും നിർത്താത്തപക്ഷം ഈ സമ്പ്രദായം തുടരുവാനനുവദിക്കുന്നതിൽ അത്തരം കുട്ടികളുടെ രക്ഷിതാക്കന്മാരും, ഈ സംഭവങ്ങൾ തീർച്ചയായും അറിവിൽ പെട്ടിട്ടും അതിൽ കർശനമായ നിയന്ത്രണ നടപടിയെടുക്കാത്തതിൽ അദ്ധ്യാപകന്മാരും ഒരുപോലെ കുററക്കാരാണെന്നു ജനങ്ങൾ എണ്ണുന്നതിൽ അപ്രകൃതമായിട്ടൊന്നുമില്ലെന്നു പറയാം.

ഇത്തരം അനഭിലഷണീയമായ സ്ഥിതിഗതികൾക്ക് ആശാസ്യമായ ഒരു പരിവർത്തനം യഥാർത്ഥത്തിൽ നടപ്പിൽ ആകണമെങ്കിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾ കരളുറപ്പോടും സാക്ഷാൽ സേവനതൽപരതയോടും കൂടി മുന്നോട്ടു വന്നേ മതിയാവൂ. യുവജനങ്ങളെ ഈ സംരംഭത്തിൽ സംഖ്യയില്ലാതെ സമ്പാദിക്കേണമെങ്കിൽ അവർ വിദ്യാർത്ഥിജീവിതദശയിൽതന്നെ സേവനസമ്പ്രദായപരിശീലനം നേടിക്കഴിഞ്ഞിരിക്കണം. ഇതുകൊണ്ടുതന്നെയാണ് ഞാൻ വിദ്യാഭ്യാസത്തിൽ സേവനപരിശീലനപരിപാടികൾക്ക് കൂടുതൽ പ്രായോഗിക പ്രാധാന്യമനുവദിക്കണമെന്നു സിദ്ധാന്തിക്കുന്നത്. സേവനത്തിൽകവിഞ്ഞ പുണ്യകർമ്മമില്ലെന്നാണ് ഈയുള്ളവൻെറ ഉറച്ച വിശ്വാസം.

"അപരനുവേണ്ടിയഹർന്നിശം പ്രയത്നം
കൃപണതവിട്ടു കൃപാലു ചെയ്തിടുന്നു."

ഈ തത്വരത്നം നമുക്കു പ്രചോദനം നല്കട്ടെ.

ജെയ് ഹിന്ദ്!!

---

"പരസ്പരം സഹായിപ്പിൻ പരസ്നേഹം പരത്തുവിൻ
നിരക്ഷര ലിഖിതമിതീശ ശാസനം"

(വള്ളത്തോൾ).

# NAMES AND ADDRESSES OF STUDENTS 1951–52.

| Roll No. | Name | Permanent Address |
|---|---|---|
| | **ENGLISH AND GENERAL SCIENCE.** | |
| 1 | Balakrishnan Nair, V,'B. A. | Kongot House, (P. O.) Mannapra, Palghat |
| 2 | LAKSHMI PASUPATHY, B. A. | 15, Sunderdas Tank St. Trichy |
| 3 | Viswanathan, A., R. B. Sc. | C/o Headmaster, Board High School, Quilandy (N. Malabar) |
| | **ENGLISH AND MATHEMATICS.** | |
| 4 | Balan Nair, C. M., B. A. | Olavilam, Via Chokli (N. Malabar) |
| 5 | Bhujanga Rao, K., B. A. | Vypeen, Cochin |
| 6 | Govindan, M., B. A. | Mangattidom, P. O. Sankaranellore |
| 7 | Kunhambu Nayar, P. V., B. A. | P. O. Eriveri (Via) Chovva |
| 8 | Raghavan Nambiar, K. K. B. A. | P. O. Kappad (Via) Chovva |
| 9 | Rajalakshmi V., B. A. | C/o V. R. Varadharaj Esq., Newkalpathi Palghat |
| 10 | Ramachandran, K. T., B. A. | 'KAMBIL' Cannanore |
| 11 | ROHINI, K. K., B. A. | 'Soma Vilas' P. O. Palayad, Tellicherry |
| 12 | SISTER ATTRACTA, B. A. | Christ King Convent, Pavaratty |
| 13 | SISTER FELICITA, B A. | Little Flower Con G. H. School, Mammiyur |
| 14 | Velayudhan, I M., B. A. | Porathisseri, Irinjalakuda |
| 15 | Venketesh Prabhu, B. A., | Near L. N. Temple, Tellicherry |
| | **ENGLISH AND SOCIAL STUDIES.** | |
| 16 | Achutha Variyer K., B. A. | Kodavalam Post Anandasramam |
| 17 | Ahamad, K N, B. A. | Near Saidar Mosque, Tellicherry |
| 18 | ALEY MATHEW, (Mrs) B. A., | C/o The Standard Tile & Clay Works, Feroke |
| 19 | Balakrishnan Nayar, T, B. A. | Chirakkal |
| 20 | Chitran Namboodiripad, P., B. A. (Hons) | Mookkola, Ponnani |
| 21 | Damodaran Nambissan, P, B A | Chemancheri, Korapoya |
| 22 | Devidas, K. V, B A. | C/o Sri. E R. Menon, Tellicherry |
| 23 | GOURI K. NAMBIAR, (Mrs) B A. (Hons.) | Krishnapuram P. O. Kappad, Via Chovva |
| 24 | Govinda Variyer, K, B. A. | Mezhathur P. O. Via Pattambi |
| 25 | HENRY, (Mrs.) B A. | Behind Koodarapura, Y. M. C. A. Road, Kozhikode |
| 26 | Jacob, E F., B A. | Chengalai, Mullassery |
| 27 | JANE HENRY, M., B. A. | C/o Dr. J. S Thaddaeus, Calicut |
| 28 | Krishna Menon, M. P., B. A. | Melmuri P. O. Malappuram |
| 29 | Krishnan Nair, K. V., B. A. | Pokyarath House, Taliparamba (N Malabar) |
| 30 | Kumaran Nambudiri, T. P., B. A. | Madathil Illam, Kovoor amsom Kuttikkattur desam, P. O. Kuttikkattur, (Via) Puthiyara |
| 31 | Kuttianujan Raja, P. K., B. A. | Kottaram, Tiruvanoor P. O. Kallai |
| 32 | LEELA, P. V., B A | 'Remamandir' Palayad, Tellicherry |
| 33 | Mahadevan, K. Y., B. A. | Kumarapuram, Kalpathy Palghat. |
| 34 | Mohamed, V., B. A. | Valiagath Bldg. Kayyath Road, Tellicherry |

| | | |
|---|---|---|
| 35 | Narayanan K., B. A. | Kottarapat House, Agathiyur |
| 36 | Narayanan Nambissan, A., B. A. | Kolacherry, N. Malabar |
| 37 | NARAYANI KUTTY, K. T.. B. A. | C/o Sri. Kozhikot Madhavan Nair, Advocate, Calicut |
| 38 | PADMAVATHY, V., B. A. | P. O. Niramaruthur, (Via) Tirur |
| 39 | Parameswaran Nambissan, V. K., B. A. | Thalakkolathur, P. O. Korappoya |
| 40 | RADHA BAI, P., B. A. | C/o P. G. Panikker, Cannanore, N. Malabar |
| 41 | Purushothaman, M. V., B. A. | P. O. Porur Via Wandur, S. Malabar |
| 42 | Rajagopala Mannadiar, P, B. A. | Puliankalath House Thenkurissi, Palghat |
| 43 | Rajaram, P., B. A. | Eliangad, Palace, Punnayurkulam |
| 44 | SAROJINI, P., B. A. | 'Puthalath House' Chirakkal R. S. |
| 45 | SISTER BARNABA, B. A. | Christ King Convent Pavaratty |
| 46 | Sivadasan, P. M., B. A. | Devinilayam, K. Vayalam, Tellicherry |
| 47 | SUBHADRA, N., B. A. | Nambiaru Veedu, Irinjalakuda, (U. S. T. C.) |
| 48 | Vasudevan Nambiar, T., B. A. (Hons) | C/o Capt: K. K. Nambiar, Post Edakad |
| 49 | VENKITAMBAL, K. R., B. A. | Southern Madham, Kakkasseri, Chittattukara Post |
| 50 | Vijayaraghavan, K., B. A. | Kanoth Post Puthiyara |
| 51 | Viswanathan, R., B A. | Kooriyil House, Chalappuram |

MALAYALAM AND GENERAL SCIENCE.

| | | |
|---|---|---|
| 52 | Lazar, N. K., B. Sc. | Neelamkavil House, Palayur, Chowghat |
| 53 | VIMALA, K. T., B. A. | C/o Dr. T. Chandu, Nalini Vilas, Thana, Cannanore |

MALAYALAM AND MATHEMATICS.

| | | |
|---|---|---|
| 54 | Chindan Nayar, K., B. A. | P. O. Timiri, Via Kanhangad, S. K. |
| 55 | Kochukuttan Raja, E., B. A. | Punnayurkulam, Ponnani |
| 56 | MEENAKSHI, G., B. A. | P. O. Sankaranellur, Via Kuthuparamba, N. Malabar |
| 57 | Subramanian, K. B., B. A. | Vellinazhi, Via Cherpalcheri |
| 58 | Vasudevan Namboodiri, A.P., B.A. | P. O. Avitanallur, Via Quilandi |

MALAYALAM AND SOCIAL STUDIES.

| | | |
|---|---|---|
| 59 | Balakrishnan, P., B. A. | Kannambra, P. O., S. Malabar |
| 60 | Chandrasekharan V. R., B. A. | Annassery, Korapoya |
| 61 | Gopalan Nambiar, K. K., B. A. | P. O. Kuttiyattoor, Via Chowa |
| 62 | KAMALAM, V., B. A. | Vengalil House, Madhavan Nair Rd., Chalapuram |
| 63 | Krishnan, P. P., B. A. | Vattoli, P. O. Kakkattil, Via Badagara. |
| 64 | Krishnan, K. V., B. A. | C/o K. N. Vaidyanatha Sastry, Manjeri P. O. |
| 65 | Kunhukutta Guptan, A. | P. M. M. High School, Palghat |
| 66 | LEELAVATHI, C. H., B. A. | C/o C. H. Anandan Esq. P. O. Pallikunnu, N. Malabar |
| 67 | NARAYANIKUTTY, K., B. A. | Karumathil House, P. O. Kottakkal, Via Tirur |

| | | |
|---|---|---|
| 68 | Rajagopala Iyer, C., B. A. | C/o C. A. High School, Ayakkad P. O., Via Vadakancherry, Palghat |
| 69 | Sukumaran, K. T., B. Com. | P. O. Azhikode, N. Malabar |

## MATHEMATICS AND SCIENCE.

| | | |
|---|---|---|
| 70 | Krishnan Namboodiri, C., B. Sc. | Kakoor, Via West Hill, Kozhikode |
| 71 | Kunhettan Raja, P. C., B. A. | Mankavu, Kozhikode 2 |
| 72 | Kunhikrishna Varma Raja, E. K. | Purameri, Badagara |
| 73 | MALATHI, P., B. Sc. | C/o V. M. A. Panniker Esq. Advocate, Cranganore, U. S. T. C. |
| 74 | Narayanan Kutty Menon A., B.A. | Ampalakat House, Manjeri, S. Malabar |
| 75 | Paul Meyne, B. Sc. | Sandy, Palluruthy P. O., Cochin |
| 76 | RADHA, P., B. A. (Hons.) | C/o Mr. K. K. Kaimal, D. E. O., Kozhikode |
| 77 | Rama Variyer, M. V., B. Sc. | Chunangad, Via Ottapalam |
| 78 | Sadasiva Bhat, R., B. Sc. | Doss Buildings, Kozhikode 2 |
| 79 | SATHYABHAMA, N., B. Sc. | Nezhukathodi House, P. O. Manesseri, Via Ottapalam |
| 80 | SEETHA, E. K., B. Sc. | Edavalam, Mahe |
| 81 | Soolapani Variyer, K., B. Sc., | A. V. High School, Ponnani |
| 82 | Venkitachalam, P. R., B. A. | Thiruvambadi, Trichur |
| 83 | Viswanathan, R. S., B. Sc. | C/o Sri R. B. Subramania Iyer, R. Mangalam Village, P. O. Kannambra, Via Palghat |

129368
600 008
JL
T, 14m
N52

### A LOOK AHEAD

We have a long way to go and much leeway to make up before we can take our proper station with others in the van of human civilization and progress. And we have to hurry, for the time at our disposal is limited and the pace of the world grows ever swifter.

--JAWAHARLAL NEHRU.

Printed at the Norman Printing Bureau, Kozhikode and Published by
Sri P. Kochunni Paniker, M. A., L. T., Principal, Govt. Training College,
Kozhikode.